കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത്

2015-16

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,ജില്ലാ

ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.17/21/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി.17/02/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :തൃപ്രങ്ങോട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-1 ഖണ്ഡികയിലേക്കും ഭാഗം 3ലെ 3-2 ഖണ്ഡികയിലേക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.എം.പി.എം.17/21/2017 തിയ്യതി:17/02/2017

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-07-16 മുതൽ 19-12-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജഹാൻ.എ.എസ് | |
| | | ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 20-12-2016 മുതൽ 30-12-2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.അബ്ദുൽ സത്താർ.സി.പി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അഷ്റഫ്.കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ജമീല.കെ. കൊട്ടേക്കാടൻ | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | 1 | ശ്രീമതി.ആർ.കെ ഹഫ്സത്ത് | 01-04-15മുതൽ 31-10-15 വരെ |
| | | 2 | സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ,വി.ഇ.ഒ എന്നിവരടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01-11-15 മുതൽ 18-11-15 വരെ |
| | | 3 | ശ്രീ.പി.കുമാരൻ | 19-11-15 മുതൽ 31-03-16 വരെ |
| സെക്രട്ടറി | : | | ശ്രീ.കെ.രവീന്ദ്രൻ | 01-04-15 മുതൽ 31-05-15 വരെ |
| | | | ശ്രീ.എ.ബി.ബെൻസി, ഹെഡ് ക്ലർക്ക് (ചുമതല) | 01-06-15 മുതൽ 02-06-15 വരെ |
| | | | ശ്രീ.ടി.വി.ആനന്ദൻ, ഹെഡ് ക്ലർക്ക് (ചുമതല) | 03-06-15 മുതൽ 06-08-15 വരെ |
| | | | ശ്രീ.എ.ജയശങ്കർ | 07-08-15 മുതൽ |

| | | | | |
|---|---|---|---|---|
| | | | | 31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | | | ശ്രീമതി.റംല ബീഗം | 01-04-15 മുതൽ<br>31-03-16 വരെ |
| കൃഷി ഓഫീസർ | | | ശ്രീ.ബിജു.സി | 01-04-15 മുതൽ<br>31-03-16 വരെ |
| വെറ്ററിനറി സർജൻ | | | ശ്രീമതി.ജലജ.എം.പി | 01-04-15 മുതൽ<br>31-03-16 വരെ |
| വി.ഇ.ഒ | | | ശ്രീ.ഹാഷിം | 01-04-15 മുതൽ<br>31-03-16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | 1<br>2<br>3 | ശ്രീമതി.സിനു.എൻ<br>ശ്രീമതി.ജിൻസി.ഐ<br>ശ്രീമതി.സിനു.എൻ | 01-04-15 മുതൽ<br>31-05-15 വരെ<br>01-06-15 മുതൽ<br>27-11-15 വരെ<br>28-11-15 മുതൽ<br>31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | | | 1. ഡോ.സുഷ<br>2. ഡോ.മുജീബ് റഹ്മാൻ<br>3. ഡോ.മൻസൂർ അലി | 01-04-15 മുതൽ<br>31-07-15 വരെ<br>01-08-15 മുതൽ<br>06-08-15 വരെ<br>07-08-15 മുതൽ<br>31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | | | ഡോ.രാജൻ | 01-04-15 മുതൽ<br>31-03-16 വരെ |
| ഹെഡ്മാസ്റ്റർ | | | ശ്രീ.വി.എം.ഹമീദ് | 01-04-15 മുതൽ<br>31-03-16 വരെ |
| അസി.സെക്രട്ടറി | | | 1.ശ്രീമതി.ബീഗം സൈന<br>2.ശ്രീ.എ.ബി.ബെൻസി, ഹെഡ് ക്ലർക്ക് (ചുമതല)<br>3.ശ്രീ.ടി.വി.ആനന്ദൻ<br>4.ശ്രീ.എ.ബി.ബെൻസി, ഹെഡ് ക്ലർക്ക് (ചുമതല)<br>5 .ശ്രീ.കുമാരൻ.എ.<br>6.ശ്രീമതി.മിനി.കെ.കെ | 01-04-15 മുതൽ<br>10-04-15 വരെ<br>11-04-15 മുതൽ<br>02-06-15 വരെ<br>03-06-15 മുതൽ<br>09-09-15 വരെ<br>10-09-15 മുതൽ<br>21-08-15 വരെ<br>22-08-15 മുതൽ<br>21-12-15 വരെ<br>22-12-15 മുതൽ<br>31-03-16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഡി & ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി | 2-1 | |
| 13 | ഫിക്സഡ് ഡെപ്പോസിറ്റ് - കണക്കുകളിൽ പൊരുത്തക്കേട് | 2-2 | |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ് | 2-3 | |
| 15 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല | 2-4 | |
| | ഭാഗം 3 | | |
| 16 | എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകൾക്ക് ക്രമവിരുദ്ധമായി അലമാരയും ലൈബ്രറി പുസ്തകങ്ങളും വാങ്ങി നൽകി | 3-1 | |
| 17 | മാനസിക രോഗ പരിചരണം - മുൻകൂർ അനുമതിയില്ലാതെ ചെലവ് ചെയ്തു | 3-2 | |
| 18 | ടെണ്ടർ പരസ്യം ഇനത്തിലെ അധികച്ചെലവ് അംഗീകരിക്കുന്നില്ല. | 3-3 | |
| 19 | പമ്പ് സെറ്റ് വാങ്ങിയതിന് | 3-4 | |

| | | | |
|---|---|---|---|
| | സബ്സിഡി അധികം നൽകി | | |
| 20 | രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു. | 3-5 | |
| 21 | എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ നൽകിയതിലെ അപാകത | 3-6 | |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-7 | |
| 23 | മരുന്ന് ലഭ്യമാക്കാൻ കാലതാമസം നേരിടുന്നു | 3-8 | |
| 24 | ഗുണഭോക്താവ് കൈപ്പറ്റാത്ത തുക തിരിച്ചടക്കേണ്ടതാണ് | 3-9 | |
| 25 | ആശ്രയ പദ്ധതി- ഒരു അവലോകനം | 3-10 | |
| 26 | ഹെൽത്ത് കോംപ്ലെക്സ് വയറിംഗ് പ്രവൃത്തി- അപാകതകൾ | 3-11 | |
| 27 | സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം -ചട്ടങ്ങൾ പാലിക്കുന്നില്ല. | 3-12 | |
| 28 | പാലിയേറ്റീവ് കെയർ വാഹനം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-13 | |
| 29 | ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 3-14 | |
| 30 | അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 3-15 | |
| 31 | അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 3-16 | |
| 32 | ശമ്പളത്തിൽ നിന്നും അർഹമായ നിരക്കിൽ ഇൻഷ്വറൻസ് വരിസംഖ്യ ഈടാക്കിയില്ല. | 3-17 | |
| 33 | മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല | 3-18 | |
| | ഭാഗം 4 | | |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |

| | | | |
|---|---|---|---|
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 43 | ഓഡിറ്റ് സാക്ഷ്യപത്രം | 5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 23-03-15 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-15 | 03-08-16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 30-12-16 | കെ.എസ്.എ.എം.പി.എം.17/21/2017 തീയ്യതി 07.02.17 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ്ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, രസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് എന്നിവ ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. 2015-16 – ലെ വാർഷികക്കണക്ക് ഓഡിറ്റിനായി അയച്ചു തന്നതിന് ശേഷം റിവൈസ് ചെയ്തിട്ടുണ്ടെന്ന് അക്കൗണ്ട് സർട്ടിഫിക്കേഷൻ സമയത്ത് കണ്ടെത്തുകയുണ്ടായി. സാംഖ്യയിൽ ചേർത്തിരിക്കുന്ന വിവരങ്ങളും മറ്റു രേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1- വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന ചെലവ്, നീക്കിയിരിപ്പ് എന്നിവ സാംഖ്യയിലുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കിൽ ട്രഷറി ടി.എസ്.ബി. അക്കൗണ്ടിൽ 466124 ആണ് നീക്കിയിരുപ്പെങ്കിലും ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 625062 ആണ്. അത്പോലെ AFS പ്രകാരം വർഷാവസാന കാഷ് നീക്കിയിരുപ്പ് 43947 രൂപയേയുള്ളൂ. എന്നാൽ കാഷ് ബുക്കിൽ/ഡേ ബുക്കിൽ 162602 രൂപ നീക്കിയിരുപ്പുണ്ട്.

2- കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 57 & 58 പ്രകാരം നിർദ്ദേശിച്ച നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

3- വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ യഥാർത്ഥമല്ല.

4- സ്ഥാവര ജംഗമ ആസ്തികളുടെ വിവരം പൂർണ്ണമല്ല.

5- ബജറ്റ് ഫംങ്ഷൻ - ഫംങ്ഷനറി അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

6- വസ്തു നികുതി മുൻ വർഷങ്ങളിലെ അധിക ഡിമാന്റ് കാരണം പിരിച്ചെടുത്ത തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ എൻട്രി നടത്തിയിട്ടില്ല.

7-അത് പോലെ വസ്തു നികുതി കുടിശ്ശികയിൽ അധികം കിടക്കുന്ന തുകകൾ ക്രമീകരിക്കുന്നതിന് ജേണൽ എൻട്രി നടത്തിയിട്ടില്ല.

8- പഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ള / ലഭിക്കാനുള്ളവയിൽ സംശയാസ്പദമായ തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

9- ഓരോ മാസവും 10 - ാം തീയതിക്കകം കഴിഞ്ഞ മാസത്തെ റസീറ്റ് & പേയ്മെന്റ് പത്രിക തയ്യാറാക്കി ധന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ അംഗീകാരം വാങ്ങുന്നില്ല.

10- സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

11- വർഷാന്ത്യ കാഷ്, ബാങ്ക്, ട്രഷറി നീക്കിയിരിപ്പ് തുകകൾ ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവയുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15883410/- |
| വരവ് | 51780680/- |
| ആകെ | 67664090/- |
| ചെലവ് | 63963473/- |
| നീക്കിബാക്കി | 3700617/- |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ വരവ് | ചെലവ് | ചെലവ് % | നീക്കിബാക്കി (Lapsed) | നീക്കിബാക്കി RP 40b പ്രകാരം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3155253 | 10031948 | (+)6842021 | 20029222 | 14065484 | 70.22 | 5963738 | 0 |
| വികസനഫണ്ട് | 722799 | 3927000 | (-) 306999 | 4342800 | 3360259 | 77.38 | 982541 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| (എസ്.സി.പി) | | | | | | | | |
| വികസനഫണ്ട് (ടി.എസ്.പി.) | 0 | 166000 | 0 | 166000 | -- | 0 | 166000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 834145 | 9872000 | 0 | 10706145 | 9876865 | 92.25 | 829280 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 1017495 | 3056000 | 0 | 4073495 | 3275885 | 80.42 | 797610 | 0 |
| 13-ാം ധനകാര്യ കമ്മീഷൻഗ്രാന്റ് | 3589363 | 7373946 | (-)2808250 | 8155059 | 7710953 | 94.55 | 444106 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 4223283 | 7453544 | (-)3726772 | 7950055 | 4204994 | 52.89 | 3745061 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 11219507 | -- | 11219507 | 11214740 | 99.96 | 0 | 4767 |
| ബി ഫണ്ട് | 0 | 28742382 | ---- | 28742382 | 28742382 | 100 | 0 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 305 | 93147302 | 195 | 6112675 | 24 | 86 | 63.9 |

സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ മുഴുവൻ പ്രൊജക്ടുകളും നിർവ്വഹണം നടത്തിയിട്ടില്ല.

## 1-7 തനത് വരുമാനം.

സെക്രട്ടറി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2597382 | 3933889 | 1336507 | (+) 51.46 |
| നികുതിയേതര വരവുകൾ | 1880608 | 750734 | 1129874 | (-) 60.08 |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 223635 | 231183 | 7548 | (+) 3.38 |
| ആകെ | 4701625 | 4915806 | 214181 | |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98640 | 34 |
| കർഷകതൊഴിലാളി പെൻഷൻ | 2368140 | 323 |
| വിധവാപെൻഷൻ | 13430480 | 1475 |
| വാർദ്ധക്യകാലപെൻഷൻ | 9450960 | 1153 |
| വികലാംഗപെൻഷൻ | 3087170 | 329 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 303600 | 34 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-12-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ 32,883/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ വിവിധരേഖകളുടെയും രജിസ്റ്ററുകളുടേയും സൂക്ഷിപ്പ് തൃപ്തികരമല്ല. മിക്ക രജിസ്റ്ററുകളും സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) കണ്ടിജന്റ് രജിസ്റ്റർ

കണ്ടിജന്റ് രജിസ്റ്ററിനായി ഗ്രാമലക്ഷ്മി മുദ്രാലയം പ്രത്യേകം രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും, ഒരു ബൗണ്ട് ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ് ഓഡിറ്റിന് ഹാജരാക്കിയത്. ഈ രജിസ്റ്റർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ടി രജിസ്റ്ററിൽ ചെലവുകൾ വാർഷികമായി രേഖപ്പെടുത്തി സംഗ്രഹം തയ്യാറാക്കിയിട്ടില്ല. പകരം പല വർഷങ്ങളിലെ ചെലവുകൾ തുടർച്ചയായി രേഖപ്പെടുത്തിയിരിക്കുകയാണ്. അതു കാരണം വാർഷിക ആവശ്യകത നിർണയിക്കുന്നതിനും, ബജറ്റ് തയ്യാറാക്കുന്നതിനും ടി രജിസ്റ്റർ ഉപയുക്തമാകാതെ പോകുന്നു.

2) സ്റ്റോക്ക് രജിസ്റ്റർ (ഫാറം നം. IV)

(എ) ഇൻഡക്സ് തയ്യാറാക്കിയിട്ടില്ല.

(ബി) ഓരോ സാധനത്തിനും ഓരോ പേജ് നല്കാതെ, ഒരേ പേജിൽ വിവിധ സാധനങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു.

*(ഉദാ:- Page 136, 137, 138, 139)*

(സി) വൗച്ചർ നമ്പർ കോളം 2-ൽ ചേർക്കുന്നില്ല.

(ഡി) സെക്രട്ടറി വാർഷിക ഭൗതിക പരിശോധന നടത്തിയിട്ടില്ല.

(ഇ) പല സാധനങ്ങളും ആർക്കാണ് വിതരണം ചെയ്തതെന്ന രേഖപ്പെടുത്തിയിട്ടില്ല. രേഖപ്പെടുത്തിയവയിൽ തന്നെ ആളിന്റെ പേരു രേഖപ്പെടുത്താതെ സെക്ഷൻ മാത്രം രേഖപ്പെടുത്തിയിരിക്കുകയാണ്.

(എഫ്) ആസ്തി രജിസ്റ്ററിൽ ചേർക്കേണ്ട ഇനങ്ങളും ഈ രജിസ്റ്ററിൽ ചേർത്തിരിക്കുന്നു. (ഉദാ:- പേജ് 186ലെ സ്ട്രീറ്റ് ലൈറ്റ്)

3) മൂവ്മെന്റ് രജിസ്റ്റർ.

ഭരണാധികാര്യസ്ഥന്റെ ഒപ്പ് എന്ന കോളത്തിൽ ആരും ഒപ്പ് വച്ചിട്ടില്ലാത്തതിനാൽ, മേലുദ്യോഗസ്ഥരുടെ മേൽനോട്ടമില്ലെന്നു വ്യക്തമാകുന്നു.

4) ഹാജർ പട്ടിക

ഹാജർ പട്ടികയിൽ, പഞ്ചായത്തിനു അനുവദിച്ച എല്ലാ തസ്തികകളും രേഖപ്പെടുത്തി, ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ നേരെ അക്കാര്യം രേഖപ്പെടുത്തുന്നതിനു പകരം, നിലവിലുള്ള ജീവനക്കാരുടെ മാത്രം പേരെഴുതുകയും, പുതുതായി വരുന്നവരെ താഴെത്താഴെയായി രേഖപ്പെടുത്തുകയുമാണ് ചെയ്തിരിക്കുന്നത്. ആകസ്മിക അവധികൾ ഉൾപ്പെടെയുള്ള അവധികൾ യഥാസമയം രേഖപ്പെടുത്തുകയും, അനുമതി ഉത്തരവാകുകയും ചെയ്യുന്നില്ല. (ഓഡിറ്റ് സമയത്ത് ഹാജർ പട്ടികയിൽ ധാരാളം അവധി അപേക്ഷകൾ അനുമതി ഉത്തരവുകൾ രേഖപ്പെടുത്താതെയും, ആകസ്മികാവധി രജിസ്റ്ററിൽ രേഖപ്പടുത്താതെയും കാണുകയുണ്ടായി)

5- ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥർ ജംഗമ വസ്തുക്കൾ വാങ്ങുന്നത് ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. ഉദാഹരണത്തിന്, ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ S0354/16 ' സർക്കാർ സ്കൂളുകൾക്ക് ഫർണ്ണിച്ചർ വാങ്ങൽ' പദ്ധതിയിൽ വികസന ഫണ്ടിൽ നിന്നും 76,000/- രൂപയും ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 40,00/- രൂപയും ചെലവഴിച്ച്, 11 ബെഞ്ചും 12 ഡെസ്കും വാങ്ങി, ചമ്രവട്ടം ജി.യു.പി സ്കൂളിന് നൽകിയിട്ടുണ്ട്. എന്നാൽ ജംഗമ വസ്തുക്കളുടെ വിവരം ചേർക്കേണ്ട ആസ്തി രജിസ്റ്ററിന്റെ അനുബന്ധം IV -ൽ ഈ വിവരം ചേർത്തിട്ടില്ല. അത് പോലെ ഇത്തരം വാങ്ങലുകൾ പരിശോധിച്ച് മുഴുവൻ വിവരവും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

6- നിർവ്വഹണോദ്യാഗസ്ഥരായ മെഡിക്കൽ ഓഫീസർ(പി.എച്ച്.സി), മെഡിക്കൽ ഓഫീസർ(ഹോമിയോ) , കൃഷി ഓഫീസർ, വെറ്ററിനറി സർജൻ തുടങ്ങിയവർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-12-16 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-12-10 മുതൽ 01-01-11 വരെ | 05-06 മുതൽ 09-10 വരെ | 07-02-11 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് ഫീ കുറവായി ഈടാക്കി

2015-16 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് ഫീ വരവിനത്തിൽ താഴെപ്പറയുന്ന അപേക്ഷകരിൽ നിന്ന് ചട്ടപ്രകാരമുള്ള ലൈസൻസ് ഫീ മുഴുവനായും ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര്/രജിസ്റ്ററിലെ ക്രമനമ്പർ | കെട്ടിട നമ്പർ/ സ്ഥാപനം | ഒരു ദിവസത്തെ ശരാശരി | ഈടാക്കേണ്ട ലൈസൻസ് ഫീ | ഈടാക്കിയ ലൈസൻസ് ഫീ | കുറവ് | രസീത് നമ്പർ/ തിയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | വിറ്റുവരവ്/ യന്ത്രത്തിന്റെ കുതിര ശക്തി | | | | |
| 1 | ഹാജറ (23) | 16/220 KPK പെട്രോളിയം | 200,000 | 4000 | 500 | 3500 | 11401112776/24-3-15 |
| 2 | അമലത്ത് വേലായുധൻ (35) | 7/638 താര കെമിക്കൽസ് | 2600 | LF 100 BF 25 | LF 50 BF 13 | 62 | 11501100221/7-4-15 |
| 3 | സന്തോഷ് കുമാർ (142) | 11/267A | 30,000 | LF 1000 BF 250 | LF 50 BF 13 | 1187 | 11501101812/8-6-15 |
| 4 | മുഹമ്മദ് ബഷീർ (146) | 6/116A | 11,000 | LF 300 BF 75 | LF 100 BF 25 | 250 | 11501101867/9-6-15 |
| 5 | മുഹമ്മദ് ഷൌക്കത്ത് (160) | 19/199A ട്രാൻസ് കോണ്ടിനെന്റൽ ബിൽഡിംഗ് സൊല്യൂഷൻസ് | 20,000 | LF 500 | LF 200 | 300 | 11501102044/18-6-15 |
| 6 | റീന ഡിഎം (274) | XV/527 | 14,000 | LF 300 | LF 200 | 100 | 11513100724/16-11-15 |
| 7 | സന്ദീപ് കെ (320) | XIII/446 | 7500 | LF 200 | LF 100 | 100 | 1151310568/7-1-16 |
| 8 | ഹംസ ഹാജി (116) | 11/455C റൈസ് മിൽ | 15 HP | 200 | 100 | 100 | 11501161511/25-5-15 |
| | ആകെ - 5,599/- | | | | | | |

ഡി & ഒ ലൈസൻസ് ഫീ ഇനത്തിൽ കുറവ് വന്ന തുക ഈടാക്കി രശീതി സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ഫിക്സഡ് ഡെപ്പോസിറ്റ് - കണക്കുകളിൽ പൊരുത്തക്കേട്

സ്ഥിര നിക്ഷേപം സംബന്ധിച്ച് കൃത്യമായ കണക്ക് ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നമ്പർ 47 പ്രകാരം 2015-16 -ൽ താഴെ പറയും വിധം ഫിക്സഡ് ഡെപ്പോസിറ്റ് ഉണ്ട്.

| ബാങ്കിന്റെ പേര് | ഡെപ്പോസിറ്റ് നമ്പർ | മച്യൂരിറ്റി തീയതി | തുക | റിമാർക്സ് |
|---|---|---|---|---|
| SMGB | 40147201200051 | 08-07-15 | 19,79,046 | പുതുക്കിയ വിവരം ലഭ്യമല്ല |
| SMGB | 4014720120087 | 10-10-15 | 791729 | 14-10-15 – ന് FD ക്ലോസ് ചെയ്ത്, SMGB – യുടെ 40147100107763 |

| | | | | |
|---|---|---|---|---|
| | | | | നമ്പർ അക്കൗണ്ടിലേക്ക് വരവ് വെച്ചു |
| MDC | 090511807520003 | 28-06-15 | 10,05,993 | പുതുക്കിയ വിവരം ലഭ്യമല്ല |

മേൽ പട്ടികയിൽ കാണിച്ചത് പ്രകാരം 31-03-16 -ന് 29,85,039 രൂപ (19,79,046+10,05,993) ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ വാർഷികക്കണക്കിന്റെ ബാലൻസ് ഷീറ്റ്- ഷെഡ്യൂൾ B-12 ൽ കാണേണ്ടതാണെങ്കിലും 11,27,244 രൂപയേ ബാലൻസ് ഷീറ്റിൽ കാണുന്നുള്ളൂ. എന്നാൽ ഫിക്സഡ് ഡെപ്പോസിറ്റ് ഇനത്തിൽ തുകയൊന്നും അവശേഷിക്കുന്നില്ലെന്നാണ് സെക്രട്ടറി വാക്കാൽ അറിയിച്ചിട്ടുള്ളത്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്ററിൽ യഥാസമയം രേഖപ്പെടുത്തലുകൾ നടത്തി സാക്ഷ്യപ്പെടുത്തുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. മാത്രമല്ല, 2013-14, 14-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഫിക്സഡ് ഡെപ്പോസിറ്റ് സംബന്ധിച്ച് ക്രമക്കേടുകൾ ഉണ്ടെന്ന് ശ്രദ്ധയിൽപെടുത്തിയിട്ടുണ്ടായിരുന്നു. തുടർന്നും വേണ്ടത്ര ജാഗ്രത കാണിച്ചിട്ടില്ലെന്നാണ് മനസ്സിലാകുന്നത്.

സ്ഥിര നിക്ഷേപവുമായി ബന്ധപ്പെട്ട കണക്കുകളിലെ പൊരുത്തക്കേടുകൾക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 29-12-2016 – ന് സെക്രട്ടറിക്ക് നൽകിയ 19 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. ഈ വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തി പ്രഥമ മറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്

2015-16 ലെ വാടക രജിസ്റ്ററുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ താഴെ പറയുന്ന റൂമുകളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കാനുള്ളതായി കാണുന്നു.

| റൂം നമ്പർ | വാടക പിരിച്ചെടുക്കാനുള്ളത് | കുടിശ്ശിക തുക |
|---|---|---|
| 138 | 2016/ജനവരി, ഫെബ്രുവരി,മാർച്ച് | 4000 |
| 139 | 2016/ മാർച്ച് | 1750 |
| 140 | 2016/മാർച്ച് | 1600 |
| | | ആകെ – 7350 |

വാടക കുടിശ്ശിക പിരിച്ചെടുത്ത് രശീതി സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തിലെ തൊഴിൽ നികുതി റിട്ടേണുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.

1) K S E B ഇലക്ട്രിക്കൽ സെക്ഷൻ ആലത്തിയൂർ(I & II അർദ്ധ വർഷം)

2) മാവേലി സ്റ്റോർ ആലത്തിയൂർ (ടി)

കെ എസ് ഇ ബി, മാവേലി സ്റ്റോർ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 4/2/92 ലെ എം സി -1/3142/92 നമ്പർ കത്തിൽ നിർദേശിച്ചിട്ടുണ്ട്. ആയതിനാൽ മേൽ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എയ്ഡഡ് സ്കൂളുകൾക്ക് ക്രമവിരുദ്ധമായി അലമാരയും ലൈബ്രറി പുസ്തകങ്ങളും വാങ്ങി നൽകി

ഗ്രാമ പഞ്ചായത്തിന് കൈമാറാത്ത എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകൾക്ക് അലമാരയും ലൈബ്രറി പുസ്തകങ്ങളും വാങ്ങി നൽകിയതിലൂടെ 96,002/- രൂപ ക്രമവിരുദ്ധമായി ചെലവഴിച്ചു. 2015-16 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റ് നമ്പർ S 26/16 'സമഗ്ര വിദ്യാഭ്യാസ പദ്ധതി - ഉണർവ്വ്'- ന്റെ ഭാഗമായാണ് ഇപ്രകാരം തുക ചെലവഴിച്ചത്.

മേൽ പ്രോജക്റ്റിന്റെ ഭാഗമായി 23-03-16 -ലെ 6/15-16 നമ്പർ ബിൽ പ്രകാരം വികസന ഫണ്ടിൽ നിന്നും 1,09,000/- പിൻവലിച്ച്, ലൈബ്രറി പുസ്തകങ്ങളും അവ സൂക്ഷിക്കാൻ അലമാരകളും വാങ്ങുകയുണ്ടായി. എന്നാൽ ഇവ കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന14 സ്കൂളുകളിൽ 12 സ്കൂളുകളും എയ്ഡഡ് മാനേജ്മെന്റിന് കീഴിലുള്ളവയാണെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്കൂളിന്റെ പേര് |
|---|---|
| 1 | ജി.യു.പി.എസ്, ചമ്രവട്ടം |
| 2 | എ.യു.പി.എസ് കൊഴക്കോട്ടൂർ |
| 3 | ജി.എം. എൽ.പി.എസ്, വെട്ടം പള്ളിപ്പുറം |
| 4 | എസ്.എ.യു.പി.എസ്, ചമ്രവട്ടം |
| 5 | എ.എം. എൽ.പി.എസ്, കൈമലശ്ശേരി |
| 6 | വി.വി.എൽ.പി.എസ്, ആലത്തിയൂർ |
| 7 | എ.എം. എൽ.പി.എസ്, ആലത്തിയൂർ |
| 8 | ബി.ഇ.എം.യു.പി.എസ്, പരപ്പേരി |
| 9 | എ.എം. എൽ.പി.എസ്, ചെറിയപരപ്പൂർ |
| 10 | എ.വി.എൽ.പി.എസ്, പെരുന്തല്ലൂർ |
| 11 | എ.എം.എൽ.പി.എസ്, തൃപ്രങ്ങോട് |
| 12 | എ.എം.എൽ.പി.എസ്, കൈനിക്കര |
| 13 | എ.എം.എൽ.പി.എസ്, പൊയ്യിശ്ശേരി |
| 14 | ടി.എം.എൽ.പി.എസ്, ആലത്തിയൂർ |

അക്ഷര ബുക്ക് സെന്റർ, തിരൂരിന്റെ 22-03-16 -ലെ 710- ാം നമ്പർ ഇൻവോയ്സ് പ്രകാരം 14,000/- രൂപയുടെ പുസ്തകങ്ങളാണ് വാങ്ങിയിട്ടുള്ളത്. ഓരോ സ്കൂളിനും 1000/- രൂപയുടെ പുസ്തകങ്ങൾ വീതമാണ് നൽകിയിട്ടുള്ളത്. അതിൽ 2000/- രൂപയുടെ പുസ്തകങ്ങൾ മാത്രമാണ് സർക്കാർ സ്കൂളുകൾക്ക് നൽകിയിട്ടുള്ളത്. അത് കൊണ്ട് തന്നെ അവശേഷിക്കുന്ന 12,000/- രൂപയുടെ ചെലവ് ക്രമപ്രകാരമല്ല.

അത് പോലെ ഇന്ത്യാന സ്റ്റീൽ ഫർണ്ണിച്ചറിന്റെ 22-03-16 -ലെ 30 -ാം നമ്പർ ഇൻവോയ്സ് പ്രകാരം, യൂണിറ്റൊന്നിന് 5498.92രൂപ വീതം 14 അലമാരകൾക്ക് 76985/- രൂപ വിലയായിട്ടുണ്ട്. ഇതിൽ രണ്ട് അലമാരകളുടെ വില കിഴിച്ചാൽ ബാക്കി വരുന്ന 65,987/- രൂപയുടെ ചെലവും ക്രമപ്രകാരമല്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 166, 1-ാം ഉപ വകുപ്പ്,പട്ടിക 3 -ൽ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ വിദ്യാഭ്യാസ മേഖലയിൽ സർക്കാർ പ്രീ പ്രൈമറി സ്കൂളുകളുടെയും, പ്രൈമറി സ്കൂളുകളുടെയും നടത്തിപ്പ് മാത്രമേ പഞ്ചായത്തുകളുടെ ചുമതലകളിൽ വരുന്നുള്ളൂ.അത് പോലെ 19-10-2010- ലെ സർക്കാർ ഉത്തരവ് നമ്പർ 44667/ഇ.എം/2/08/ത.സ്വ.ഭ.വ പ്രകാരം കൈമാറി കിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൌതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനേ പഞ്ചായത്തുകൾക്ക് അനുവാദമുള്ളൂ. 16-11-2013ലെ 362/13/ ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കുടിവെള്ളം, ടോയലറ്റ് നിർമ്മാണം മുതലായ പ്രൊജക്റ്റുകൾ മാത്രമേ, എല്ലാ സർക്കാർ സ്കൂളുകളിലും നിശ്ചിത സ്റ്റാൻഡേർഡിൽ നടപ്പാക്കിയതിന് ശേഷം എയ്ഡഡ് സ്കൂളുകളിലും നടപ്പാക്കാൻ അനുമതി നൽകിയിട്ടുള്ളൂ.

ഗ്രാമ പഞ്ചായത്തിന് കൈമാറി കിട്ടാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വികസന ഫണ്ട് ചെലവഴിച്ചതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 21-12-2016 -ന്

നൽകിയ 2 – ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് , ഹെഡ്മാസ്റ്റർ ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുട്ടികളും പഠിക്കുന്നത് എയ്ഡഡ് സ്കൂളുകളിലാണെന്നും സർക്കാർ ലൈബ്രറി ഗ്രാന്റ് നൽകാത്തത് കൊണ്ടുമാണ് ഇപ്രകാരം ചെലവ് ചെയ്തത് എന്നാണ് അറിയിച്ചത്. അതേ സമയം ചമ്രവട്ടം ഗവ:യു.പി സ്കൂളിൽ ആയിരത്തിൽ കൂടുതൽ കുട്ടികൾ പഠിക്കുന്നുണ്ടെന്ന് സമ്മതിക്കുന്നുമുണ്ട്. ഈ സ്കൂളിനും നൽകിയിട്ടുള്ളത് 1000/- രൂപയുടെ പുസ്തകങ്ങൾ മാത്രമാണ്.

മേൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ ക്രമവിരുദ്ധമായി ചെലവഴിച്ച 96,002/- രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയായ ഹെഡ്മാസ്റ്ററിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 മാനസിക രോഗ പരിചരണം - മുൻകൂർ അനുമതിയില്ലാതെ ചെലവ് ചെയ്തു

സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങാതെയും, സൗജന്യമായി ലഭിക്കേണ്ട സേവനത്തിന് പ്രതിഫലം നൽകിയും ഡോക്ടറെ കൊണ്ട് വരുന്നതിനും തിരികെ കൊണ്ട് വിടുന്നതിനും വാഹന വാടക നൽകിയും പൊതു പണം ദുർവ്യയം ചെയ്തു. വികസന ഫണ്ടിൽ നിന്നും 1,00,000/- രൂപയും തനത് ഫണ്ടിൽ നിന്നും 50,000/- രൂപയും വകയിരുത്തി, അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ 'പാലിയേറ്റീവ് കെയർ - മാനസിക രോഗപരിചരണം'(പ്രോജക്റ്റ് നമ്പർ 32/16)എന്ന പ്രോജകറ്റിനാണ് ഇപ്രകാരം തുക ചെലവഴിച്ചത്.

മേൽ പ്രോജക്റ്റിനായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ചെക്ക്/ബിൽ നമ്പർ/ തീയതി | തുക | ചെലവിനം |
|---|---|---|
| 10/15-16/<br>29-03-16 | 61,550 | 45,000/- രൂപ മരുന്ന് വാങ്ങുന്നതിനും 16,550/- രൂപ വാഹന വാടക നൽകുന്നതിനും ചെലവഴിച്ചു. |
| 11/15-16/<br>29-03-16 | 25,000 | മരുന്ന് വാങ്ങുന്നതിന് |
| 13/15-16/<br>29-03-16 | 5,200 | വാഹന വാടക നൽകുന്നതിനായി ചെലവഴിച്ച ഈ തുക പകർച്ചവ്യാധി നിയന്ത്രണം '(പ്രോജക്റ്റ് നമ്പർ 34/16) -ത്തിൽ നിന്നും വക മാറ്റി ചെലവഴിച്ചിരിക്കുന്നു |
| 4154910/<br>21-03-16 | 48,000 | ഡോക്ടറുടെ വേതനം |
| ആകെ | 1,39,750 | |

ഫയൽ പരിശോധിച്ചതിൽ നിന്നും കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന മെന്റൽ ഹെൽത്ത് ആക്ഷൻ ട്രസ്റ്റ് എന്ന ചാരിറ്റബിൾ ട്രസ്റ്റാണ് മാനസിക രോഗികളെ പരിശോധിക്കുന്നതിനായി ഡോക്ടറുടെ സേവനം വിട്ടു നൽകിയതെന്ന് കാണുന്നു. ഈ സേവനത്തിന് പ്രതിമാസം 4000/- രൂപ വീതം ആകെ 12 മാസത്തേക്ക് 48,000/- രൂപ ഡി.ഡി നമ്പർ 192039/ 04-04-16 പ്രകാരം മേൽ സ്ഥാപനത്തിന് നൽകിയിട്ടുമുണ്ട്.

അത് പോലെ മേൽ പട്ടികയിൽ ബിൽ നമ്പർ 10 പ്രകാരം പിൻവലിച്ച 16,550/- രൂപയും ബിൽ നമ്പർ 13 പ്രകാരമുള്ള 5,200/- രൂപയും മാനസിക രോഗികളെ പരിശോധിക്കുന്നതിനായി വരുന്ന ഡോക്ടറെ പൊന്നാനിയിൽ നിന്നും തൃപ്രങ്ങോട് പി.എച്ച്.സി - യിലേക്കും തിരികെ പൊന്നാനിയിലേക്കും എത്തിച്ച വകയിൽ വാഹന വാടകയിനത്തിൽ നൽകിയതാണ്.

29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ ഇറക്കിയ പരിരക്ഷയുടെ പുതിയ മാർഗ്ഗരേഖയിലോ, 16-11-2013ലെ 362/13/ ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗരേഖയിലോ ഇത്തരം ഒരു ചെലവിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. സബ്സിഡി മാർഗ്ഗരേഖയിൽ പരാമർശിക്കാത്ത ഒരിനത്തിന് ചെലവ് ചെയ്യുന്നതിന് മുമ്പ് സർക്കാരിൽ നിന്ന് അനുമതി തേടേണ്ടതുണ്ട്.

'പാലിയേറ്റീവ് കെയർ - മാനസിക രോഗപരിചരണം' - ത്തിനായി 1,39,750/- രൂപ ചെലവഴിച്ചതിനാധാരമാക്കിയ അനുമതി ഉത്തരവ് ഹാജരാക്കാനാവശ്യപ്പെട്ട് 28-12-2016 ന് നൽകിയ 11-ാം നമ്പർ

ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഭരണസമിതിയുടെ 31-08-2016 - ലെ 1-ാം നമ്പർ തീരുമാന പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 09-09-16 -ലെ A4/21799/16 കത്തിൽ മേൽ പ്രോജക്റ്റ് തുടർന്നും നടപ്പാക്കുന്നതിനായി സർക്കാരിൽ നിന്നും സാധൂകരണം തേടിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും നാളിത് വരെ സാധൂകരണം ലഭ്യമായിട്ടില്ല. മാത്രമല്ല, മെന്റൽ ഹെൽത്ത് ആക്ഷൻ ട്രസ്റ്റ് ഹാജരാക്കിയ കത്തിൽ ടി സ്ഥാപനം ലാഭേച്ഛ കൂടാതെയാണ് പ്രവർത്തിക്കുന്നതെന്നും അവരുടെ സേവനം തികച്ചും സൗജന്യമായിരിക്കുമെന്നും അറിയിച്ചിട്ടുമുണ്ട്.

തികച്ചും സൗജന്യമായ സേവനത്തിന് പ്രതിമാസം 4000/- രൂപ വീതം പ്രതിഫലം നൽകിയതും, പരിശോധിക്കുന്ന ഡോക്ടറെ പൊന്നാനിയിൽ നിന്നും തൃപ്രങ്ങോട് പി.എച്ച്.സി - യിലേക്കും തിരികെ പൊന്നാനിയിലേക്കും എത്തിക്കുന്നതിനായി വാഹന വാടകയിനത്തിൽ തുക ചെലവഴിച്ചതും അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച തുക 69,750/- രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ടെണ്ടർ പരസ്യം ഇനത്തിലെ അധികച്ചെലവ് അംഗീകരിക്കുന്നില്ല.

പഞ്ചായത്ത് നടപ്പാക്കുന്ന വിവിധ പ്രവൃത്തികളുടെ ടെണ്ടർ പ്രസിദ്ധീകരിക്കുന്നതു സംബന്ധിച്ച് 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങളിലെ ചട്ടം 9 (3) ലും, സർക്കാർ ഉത്തരവ് (അച്ചടി)നം.1/04/ഐ.ആന്റ്. പി.ആർ.1-1-04, സർക്കുലർ നം.7441/ഡി-1/04/ഐ.ആന്റ്. പി.ആർ.21-6-04 എന്നിവയിലുമുള്ള നിർദേശം പരസ്യത്തിന്റെ സംക്ഷിപ്ത രൂപം മാത്രം, വിൻഡോ രൂപത്തിൽ, 3സെ.മീx2കോളം വലുപ്പത്തിൽ പത്രങ്ങളിൽ പ്രസിദ്ധീകരിക്കാനും, വിശദ രൂപം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനുമാണ്. എന്നാൽ ഇതിനു വിരുദ്ധമായി, കൂടുതൽ വലുപ്പത്തിൽ പരസ്യം പ്രസിദ്ധീകരിച്ചതിനാൽ താഴെപ്പറയും പ്രകാരം പരസ്യ ചാർജ്ജ് ഇനത്തിൽ അധികച്ചെലവുണ്ടായിട്ടുണ്ട്.

| നം | വൗച്ചർ നമ്പർ/ തിയ്യതി/ തുക | പരസ്യത്തിന്റെ വിവരം | നല്കിയ തുക | അർഹമായത് | അധികം |
|---|---|---|---|---|---|
| 1 | 21500248/ 1-7-15. Rs. 20,800 | Advertisement Bill No. 3354/ 6-12-14 | 6x8 @100 = 4800 | 3x8 @ 100 =2400 | 2,400 |
| | | Advertisement Bill No. 4402/ 12-2-15 | 6x8 @ 100 =4800 | 3x8 @ 100 =2400 | 2,400 |
| | | Advertisement Bill No. 4823/ 12-3-15 | 7x8 @ 100 = 5600 | 3x8 @ 100 =2400 | 3,200 |
| | | Advertisement Bill No. 52/ 4-4-15 | 7x8 @ 100 = 5600 | 3x8 @ 100 =2400 | 3,200 |
| 2 | 21501276/31-3-16. Rs.3,840 | Advertisement Bill No. 2016036116/ 12-3-16 | 4x8 @ 120 = 3840 | 3x8 @ 120 =2880 | 960 |
| | | ആകെ അധികം | | | 12,160 |

(ഈ പരസ്യങ്ങൾ പ്രസിദ്ധീകരിച്ച തിയ്യതികളിലെ പത്രപേജുകളിൽ തന്നെ ഈ നിബന്ധനകൾ പ്രകാരം വിവിധ തദ്ദേശ സ്ഥാപനങ്ങളും സർക്കാർ വകുപ്പുകളും ടെണ്ടർ പരസ്യങ്ങൾ പ്രസിദ്ധീകരിച്ചതു കാണാവുന്നതുമാണ്.)

അധികം നല്കിയ 12,160 രൂപ ഉത്തരവാദിയായ സെക്രട്ടറിമാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 പമ്പ് സെറ്റ് വാങ്ങിയതിന് സബ്സിഡി അധികം നൽകി

2105-16 വർഷത്തിൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ ഹരിതധാര പമ്പ് സെറ്റ് വിതരണം (പ്രൊജക്ട് നം. 16/16) എന്ന പ്രോജകിന്റെ ഭാഗമായി കർഷകർക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിനായി ബിൽ നമ്പർ 2/15-16 തിയതി 26/3/16പ്രകാരം 40000/-രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് 8 പേർക്ക് 5000 രൂപ വീതം നൽകിയിട്ടുണ്ട്. ഇതിൽ ആനന്ദൻ കമ്മിലിയിൽ എന്ന വ്യക്തിയ്ക്ക് പമ്പ് സെറ്റ് വാങ്ങിയ ഇനത്തിൽ 8600/ രൂപയേ ചെലവ് വന്നിട്ടുള്ളൂ. (ബിൽ നം.0634/9-2-16 തുക 8600/- പാക്കിനി ഇലക്ട്രിക്കൽസ് തിരൂർ ) 16-11-13 ലെ ജി .ഒ (എം സ്) 362/2013/ത.സ്വ.ഭ.വ പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ടിയാന് 4300/- രൂപ സബ്സിഡിക്കേ അർഹതയുള്ളൂ.

ട്രഷറിയിൽനിന്നും തുക പിൻവലിച്ചതിനുശേഷം, 29/03/2016 ന് ടിയാൻ ഹോസ് വാങ്ങിയ ഇനത്തിൽ ചെലവ് വന്ന തുകയുടെ ബില്ലും ഫയലിൽ കാണുന്നു.( ബിൽ നമ്പർ 0826/29/03/16 തുക 2205/-പാക്കിനി ഇലക്ട്രിക്കൽസ് തിരൂർ). മുൻ ബില്ലിനോടൊപ്പം ഇത് കൂടി ചേർത്ത് 5000/- രൂപ സബ്സിഡി അനുവദിച്ചത് അംഗീകരിക്കാനാവില്ല. അധികമായി ചെലവഴിച്ച 700/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സം ചെയ്യുന്നു.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ അതാതിനു നേരെ കാണിച്ച കാരണങ്ങളാൽ തടസ്സം ചെയ്യുന്നു.

| ക്രമനം | വൗച്ചർ നം. | തുക | ചെലവു വിവരം | തടസ്സ കാരണം |
|---|---|---|---|---|
| 1 | 21500516/ 25-6-15 | 37,075 | പ്രൊജക്ട് നം. 9/16. പദ്ധതി നിർവഹണച്ചെലവുകൾ | ഈ ചെലവിന്റെ ഒരു രേഖയും ലഭ്യമല്ല. |
| 2 | 21500647/19-10-15 | 5,850 | പ്രൊജക്ട് നം. 9/16. പദ്ധതി നിർവഹണച്ചെലവുകൾ (അച്ചടിച്ചെലവ്) | സ്റ്റോക്കിന്റെയും ഇഷ്യൂവിന്റെയും വിവരങ്ങൾ ലഭ്യമല്ല |
| 3 | 21501114/ 31-3-16 | 54,140 | പ്രൊജക്ട് നം.359/16. IKM വിഹിതം നല്കൽ | രസീതി ഇല്ല |
| 4 | 21501150/ 31-3-16 | 75,000 | പ്രൊജക്ട് നം.22/16. മുള്ളൻമട കുടിവെള്ള പദ്ധതി മോട്ടോർ സുസജ്ജമാക്കൽ | മാറ്റിയ പഴയ മോട്ടോർ എന്തു ചെയ്തുവെന്നു വ്യക്തമാക്കിയിട്ടില്ല. |
| | ആകെ | 1,72,065 | | |

അപാകതകൾ പരിഹരിക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-6 എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ നൽകിയതിലെ അപാകത

എസ്.സി വിദ്യാർത്ഥികൾക്ക് മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയ പ്രോജക്ടിന്റെ (നമ്പർ S028/16) ഭാഗമായി നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ 26-10-15 -ലെ ബിൽ നമ്പർ 1/15-16 പ്രകാരം വികസന ഫണ്ടിൽ നിന്നും 2,24,000/- രൂപ ചെലവഴിച്ച് , സിഡ്കോയിൽ നിന്നും 56 വീതം മേശയും കസേരയും വാങ്ങി എസ്. സി. വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

16-11-2013-ലെ ജി.ഒ.(എം.എസ്) 362/2013/ത.സ്വ.ഭ.വ നമ്പർ സബ്സിഡി മാർഗ്ഗ രേഖ പ്രകാരം ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടിക ജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സിൽ നിന്നോ ഇതേ ആനുകൂല്യം ലഭിക്കുന്നവർക്ക് വീണ്ടും ലഭിക്കാൻ അർഹതയില്ല. അതിനാൽ മേൽ ഗുണഭോക്താക്കൾ ഈ ആനുകൂല്യം വകുപ്പിൽ നിന്നും ഇതിന് മുമ്പ് കൈപ്പറ്റിയിട്ടില്ലെന്ന് കാണിക്കുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയാൽ മാത്രമേ പഠനോപകരണങ്ങൾ വിതരണം ചെയ്യേണ്ടതുള്ളൂ. എന്നാൽ അപ്രകാരമുള്ള സാക്ഷ്യപത്രം വാങ്ങാതെ മേശയും കസേരയും വിതരണം ചെയ്തു നടപടി ക്രമ പ്രകാരമല്ല.

അപാകതക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് 21-12-2016 -ന് നൽകിയ 1 –ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഇതുമായി ബന്ധപ്പെട്ട് പട്ടിക ജാതി വികസന ഓഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് വരെ ചെലവ് തുക 2,24,000/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-7 <u>വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.</u>

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിവിധ പദ്ധതികൾക്ക് തുക നല്കിയിട്ടുണ്ട്. അവയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| ക്രമനം | വൗച്ചർ നം. | തുക | ചെലവു വിവരം |
|---|---|---|---|
| 1 | 21500521/10-7-15 | 5,00,000 | പ്രൊജക്ട് നം. 12/16. SSA വിഹിതം നല്കൽ |
| 2 | 21500526/13-7-15 | 20,000 | പ്രൊജക്ട് നം.223/16. SSA നല്കൽ (SO) |
| 3 | 21500527/13-7-15 | 6,00,000 | പ്രൊജക്ട് നം.15/16. IAY വിഹിതം നല്കൽ (SO) |
| 4 | 21500605/31-7-15 | 2,85,899 | പ്രൊജക്ട് നം.306/16. പുതിയ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതിക്ക് KREWSന് നല്കിയത്. |
| | ആകെ | 14,05,899 | |

<u>മറ്റു അപാകതകൾ</u>

1) ഹെഡ് മാസ്റ്റർ നിർവഹണം നടത്തേണ്ട വിദ്യാഭ്യാസ പ്രൊജക്ടായ SSA വിഹിതം നല്കൽ സെക്രട്ടറി നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

2) IAY വിഹിതം മുൻകൂർ നല്കിയിട്ടുണ്ടെങ്കിലും രശീതിയോ, വിനിയോഗ സാക്ഷ്യപത്രമോ, ബാക്കി തുക തിരിച്ചടച്ച വിവരമോ ലഭ്യമല്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക രശീതിക്കു പകരം സെക്രട്ടറി വെള്ളപ്പേപ്പറിൽ എഴുതി നല്കിയ ഒരു കൈപ്പറ്റു രശീതിയാണ് ഫയലിൽ കാണുന്നത്. പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ പ്രകാരം ഇത്തരം രശീതി നല്കുവാൻ ബ്ലോക്ക് പഞ്ചായത്തിന്റെ സെക്രട്ടറിക്കു അധികാരം ഇല്ലാത്തതിനാൽ, പ്രസ്തുത രശീതി

സംബന്ധിച്ച സാഹചര്യം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കുകയും, നിയമാനുസൃതമായ രശീതി ഹാജരാക്കുകയും ചെയ്യേണ്ടതാണ്. IAY രജിസ്റ്ററിലെ ബന്ധപ്പെട്ട പേജുകളുടെ പകർപ്പുകൾ സഹിതം ഗുണഭോക്താക്കളുടെ പേരു വിവരവും ഭവനങ്ങളുടെ നിർമാണഘട്ടവും ഉൾപ്പെടുത്തിയുള്ള വിശദമായ വിനിയോഗ സാക്ഷ്യപത്രവും, ബാക്കിതുകയുടെ തിരിച്ചടവു വിവരവും ലഭ്യമാക്കേണ്ടതാണ്.

3) പ്രൊജക്റ്റ് പ്രകാരമുള്ള IAY ഗുണഭോക്താക്കളുടെ പട്ടിക ഫയലിൽ ഇല്ല.

4) വിഹിതം ആവശ്യപ്പെട്ടു കൊണ്ട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അയച്ച കത്തോ, ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ IAY പ്രൊജക്റ്റിന്റെ പേരോ നമ്പരോ, പ്രൊജക്റ്റിന്റെ ഫോറമോ ഫയലിൽ ഇല്ല.

വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-8 മരുന്ന് ലഭ്യമാക്കാൻ കാലതാമസം നേരിടുന്നു

അലോപ്പതി മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്റ്റുകളുടെ ഭാഗമായി മരുന്ന് വിതരണം ചെയ്യുന്നതിനായി KMSCL -ന് തുക മുൻകൂറായി നൽകിയിരുന്നു. എന്നാൽ തുക കൈപ്പറ്റി നാളിത് വരെയായിട്ടും മുഴുവൻ മരുന്നും KMSCL ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നമ്പർ/ പേര് | തുക അടവാക്കിയ വിവരം | | ലഭിച്ച മരുന്ന് | | റിമാർക്സ് |
|---|---|---|---|---|---|
| | ഡി.ഡി. നമ്പർ/തീയതി | തുക | ഇൻവോയ്സ് നമ്പർ/ തീയതി | തുക | |
| 308/16'ആരോഗ്യ സ്ഥാപനങ്ങളിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ' | 192034/ 04-04-16 | 1,70,000 | 4844/22-11-16 | 1,01,260 | 68,740രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. |
| 31/16'പാലിയേറ്റീവ് കെയർ - പരിരക്ഷ' | 192032/ 04-04-16 | 1,60,000 | 4832/ 22-11-16 | 1,05,330 | 54,670രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. |
| 32/16' പാലിയേറ്റീവ് കെയർ – മാനസിക രോഗി പരിചരണം' | 192030/ 04-04-16 | 25,000 | 3336/01-10-16 | 20,038 | 4,962രൂപയുടെ മരുന്ന് ഇനിയും ലഭിക്കാനുണ്ട്. |
| -ടി- | 192035/ 04-04-16 | 45,000 | 3335/01-10-16 | 30,181 | 14,819രൂപയുടെ മരുന്ന് ലഭിച്ച വിവരം ലഭ്യമല്ല |

നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ, ഇനിയും ലഭിക്കാനുള്ള 1,43,191/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കാൻ മെഡിക്കൽ ഓഫീസർ നാളിത് വരെ തുടർനടപടികളൊന്നും തന്നെ സ്വീകരിക്കാതിരുന്നതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് 28-12-2016 - ന് നൽകിയ 12 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 29-12-16 – ന് 51,788/- രൂപയുടെ മരുന്നുകൾ പി.എച്ച്.സി - യിലേക്ക് KMSCL അയച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ ഇൻവോയ്സിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമാക്കി സ്റ്റോക്കിൽ എടുക്കാത്തതിനാൽ അംഗീകരിക്കാവുന്നതല്ല.

ആയതിനാൽ മുഴുവൻ മരുന്നും ലഭ്യമാകുന്നത് വരെ 1,43,191 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-9 ഗുണഭോക്താവ് കൈപ്പറ്റാത്ത തുക തിരിച്ചടക്കേണ്ടതാണ്

വെറ്ററിനറി സർജൻ നിർവഹണം നടത്തിയ കാലിത്തൊഴുത്ത് നിർമ്മാണം (ജനറൽ) എന്ന പ്രോജക്ടിന്റെ ഭാഗമായി ബിൽ നമ്പർ 1/15-16 തിയതി 11-03-16 പ്രകാരം 200,000/- രൂപയും ബിൽ നമ്പർ 6/15-16 തിയതി 28-03-16 പ്രകാരം 1,80,000/- രൂപയും ട്രഷറിയിൽ നിന്നും പിൻവലിച്ച് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ ശ്രീ വേലു കോന്നംകുളത്ത് എന്ന വ്യക്തിക്ക് നൽകുന്നതിനായി എടുത്ത 10000/- രൂപയുടെ ബാങ്കേഴ്സ് ചെക്ക് ടിയാൻ കൈപ്പറ്റിയിട്ടില്ല.(ടിയാന്റെ സ്ഥലം വിൽപ്പനക്ക് വച്ചതായി അറിയിച്ചിട്ടുണ്ട്). ഗുണഭോക്താവ് കൈപ്പറ്റാത്ത തുക തിരിച്ചടവാക്കാത്തതിന് കാരണം ബോധിപ്പിക്കേണ്ടതും തുക തിരിച്ചടവാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതുമാണ്.

## 3-10 ആശ്രയ പദ്ധതി

കുടുംബശ്രീ സംവിധാനത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിൽ അഗതികളുടെ പുനരധിവാസം ലക്ഷ്യമാക്കിയുള്ള ആശ്രയ പദ്ധതി തയ്യാറാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. കുടുംബശ്രീ ആവിഷ്കരിച്ചിട്ടുള്ള ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ കണ്ടെത്തുന്ന അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭക്ഷണം, ആരോഗ്യ സുരക്ഷ, കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, വിദ്യാഭ്യാസം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടുന്നതാവണം പരിചരണ സേവനങ്ങളുടെ പാക്കേജെന്ന് പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയതാണ്.

ഗ്രാമ പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെ അഗതികളായി കണ്ടെത്തിയ കുടുംബങ്ങളുടെ പുനരധിവാസത്തിനായി പ്രോജക്ട് തയ്യാറാക്കുകയുണ്ടായി. ഇതു പ്രകാരം ഓരോ ഇനത്തിലും കൈവരിച്ച ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ഒന്നാം ഘട്ട പ്രോജക്ട് | രണ്ടാം ഘട്ട പ്രോജക്ട് |
|---|---|---|
| പ്രൊജക്ടുപ്രകാരം ആകെ ഗുണഭോക്താക്കൾ | 128 | 44 |
| വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 42 | 14 |
| നാളിതു വരെ ലഭിച്ചവർ | 17 | 0 |
| വീട് ആവശ്യമുള്ളവർ | 87 | 22 |
| നാളിതു വരെ ലഭിച്ചവർ | 24 | 13 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 9 | 18 |
| നാളിതു വരെ ലഭിച്ചവർ | 4 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 107 | 24 |
| നാളിതു വരെ ലഭിച്ചവർ | 7 | 0 |

| | | |
|---|---|---|
| കുടിവെള്ളം ആവശ്യമുള്ളവർ | 105 | ഇല്ല |
| നാളിതു വരെ ലഭിച്ചവർ | 3 | ഇല്ല |
| കറന്റ് കണക്ഷൻ ആവശ്യമുള്ളവർ | ഇല്ല | 17 |
| നാളിതു വരെ ലഭിച്ചവർ | ഇല്ല | 0 |

ആശ്രയയുടെ ബാങ്ക് അക്കൗണ്ടിൽ ( Kerala Gramin Bank A/c No. 40147100107384) 31-10-2016ന 1,96,676രൂപ നീക്കിയിരിപ്പുണ്ട്.

അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കളിൽ പലർക്കും ആശ്രയയിൽ നിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്നു കാണുന്നു. കുടുംബശ്രീ ആവിഷ്കരിച്ച ക്ലേശ ഘടകങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാതെ അഗതി കുടുംബങ്ങളെ തെരഞ്ഞെടുത്തതിനാൽ പ്രത്യേക പരിഗണനക്ക് അർഹതയില്ലാത്തതിനാലും എന്നാൽ അർഹതയുള്ള വിഭാഗങ്ങളെ കണ്ടെത്തുന്നതിലുമുണ്ടായ വീഴ്ചയുമാവണം പദ്ധതി ലക്ഷ്യങ്ങളിൽ നിന്നും വ്യതിചലിക്കുന്ന സാഹചര്യമുണ്ടാക്കിയത്. ആശ്രയയിൽ വിവിധ ആനുകൂല്യങ്ങൾക്കായി വകയിരുത്തിയ തുകകളുടെ അപര്യാപ്തതയും ലക്ഷ്യം നേടുന്നതിന് തടസ്സമായി കാണാവുന്നതാണ്.

ആശ്രയ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പ്രസിഡണ്ട് അദ്ധ്യക്ഷനായി ഒരു ഉപസമിതി രൂപീകരിക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ, തദ്ദേശ ഭരണ സെക്രട്ടറി, സി ഡി എസ് ചെയർപേഴ്സൺ, മെഡിക്കൽ ഓഫീസർ, ഐ സി ഡി എസ് സൂപ്പർവൈസർ തുടങ്ങിയവർ അംഗങ്ങളായുള്ള ഉപസമിതി പദ്ധതി പ്രവർത്തനം വിലയിരുത്താനും ആയതിന്റെ റിപ്പോർട്ട് തദ്ദേശ സ്ഥാപനത്തിന്റെ ഭരണ സമിതി പരിശോധിക്കാനും നിർദ്ദേശമുള്ളതാണ്. പഞ്ചായത്ത് ഭരണസമിതി ഉപസമിതിയുടെ വിലയിരുത്തൽ റിപ്പോർട്ട് യഥാസമയം പരിശോധിച്ച് ഇടപെടൽ നടത്താതിരുന്നത് പദ്ധതി നടത്തിപ്പ് ഫലപ്രദമാകാതിരുന്നതിന് കാരണമായിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിയിൽ പണം ഉണ്ടായിരിക്കുകയും ആവശ്യങ്ങൾ പരിഹരിക്കപ്പെടാത്തവർ പഞ്ചായത്തിൽ ഉണ്ടായിരിക്കുകയും ചെയ്തിട്ടും, പദ്ധതി നടപ്പാക്കാതെ സാങ്കേതിക ന്യായീകരണങ്ങളിൽ കുരുങ്ങിക്കിടക്കുന്നത് കുടുംബശ്രീ സംവിധാനത്തിന്റെ അടിസ്ഥാന സങ്കല്പത്തെ തന്നെ തകർക്കുന്ന നടപടിയാണ്.

ആശ്രയ തുടർ നടപടികൾ കൈക്കൊണ്ട വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ഹെൽത്ത് കോംപ്ലെക്സ് വയറിംഗ് പ്രവൃത്തി- അപാകതകൾ

പ്രൊജക്ട് നം. 21/16 (335/15)

ഹെൽത്ത് കോംപ്ലെക്സ് & ട്രൈനിംഗ് സെന്റർ വയറിംഗ് (ബഹുവർഷം). MG(NR)

അളവു പുസ്തകം. 22/15-16

നിർവഹണം. സെക്രട്ടറി.

വൗച്ചർ നം. 21501155/ 31-3-16 Rs. 2,50,000

കരാർ നം. 33/15/30-3-15

ബഹുവർഷ പ്രൊജക്ട് ആയി വിഭാവനം ചെയ്ത ഈ പദ്ധതിയുടെ 2014-15ലെയും 15-16 ലെയും അടങ്കൽ യഥാക്രമം 50,000 രൂപയും 2,25,000 രൂപയുമടക്കം 2,75,000 രൂപയാണ്. ഈ പദ്ധതിയ്ക്കായി അസി. എക്സി. എഞ്ചിനിയർ, PWD Electrical Wing sub Division Malappuram താഴെ പറയും വിധം TS നല്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | TS No. | തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ഹെൽത്ത് കോംപ്ലെക്സ് വയറിംഗ് | ELDB 944/ 2015/ 21-3-15 | 1,40,000 |
| 2 | ട്രൈനിംഗ് സെന്റർ വയറിംഗ് | ELDB 945/ 2015/ 21-3-15 | 1,35,000 |
| ആകെ | | | 2,75,000 |

ഈ പ്രവൃത്തിയിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ബില്ലിലും കരാർ രജിസ്റ്ററിലും കരാർ നം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫയലിൽ സൂക്ഷിച്ച കരാറിൽ നമ്പർ രേഖപ്പെടുത്തുകയോ സെക്രട്ടറി ഒപ്പു വയ്ക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിലടക്കം ഒരിടത്തും പൂർത്തീകരണ തിയ്യതി രേഖപ്പെടുത്തിയിട്ടില്ല. കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം പ്രവൃത്തി തുടങ്ങിയത് 1-4-15നും പൂർത്തിയാക്കിയത് 2-3-16നുമാണ്. വയറിംഗ് പ്രവൃത്തിക്ക് ഇത്രയും കാലാവധി ആവശ്യമില്ല. കരാർ ഉടമ്പടിയിലും രജിസ്റ്ററിലും മറ്റും അവശ്യം ചേർക്കേണ്ട നിബന്ധനയായ പൂർത്തീകരണ തിയ്യതി ചേർക്കാതിരുന്നതും പത്തു മാസത്തോളം പ്രവൃത്തി നീട്ടിക്കൊണ്ടു പോയതും പഞ്ചായത്തിന്റെ ഉത്തമ താത്പര്യത്തിനു വിരുദ്ധമായ നടപടിയാണ്. ഇതു വഴി, പൂർത്തീകരണം വൈകിയതിനു ചുമത്താമായിരുന്ന പിഴത്തുക പഞ്ചായത്തിനു നഷ്ടമാവുകയും ചെയ്തിട്ടുണ്ട്. ( ഒരു മാസം കൊണ്ട് ചെയ്തു തീർക്കാമായിരുന്ന ഈ പ്രവൃത്തി 9 മാസം വൈകിയതിനു നിയമാനുസൃതമായി 13,500 രൂപ (1+2+2=5%) പിഴ ഇനത്തിൽ പഞ്ചായത്തിനു ലഭിക്കുമായിരുന്നു.)

2) ഹെൽത്ത് കോംപ്ലെക്സ് വയറിംഗിന്റെ ബില്ലിനോടൊപ്പം, സ്ഥാപിച്ച 9 തരം ഇലക്ട്രിക്കൽ ഫിറ്റിംഗ്സിന്റെ ലിസ്റ്റ് ചേർത്തിട്ടുണ്ട്. എന്നാൽ ഇവ ബന്ധപ്പെട്ട കൈവശക്കാർ കൈപ്പറ്റിയിട്ടില്ല. (ടി കെട്ടിടത്തിൽ 3 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായിട്ടാണ് സെക്രട്ടറി അറിയിച്ചത്.) ട്രൈനിംഗ് സെന്റർ വയറിംഗിന്റെ പ്രവൃത്തി ബില്ലിനോടൊപ്പം ഇത്തരം ലിസ്റ്റ് ചേർത്തിട്ടുമില്ല.

3) 32 ഇനം പ്രവൃത്തികളാണ് ഈ 2 എസ്റ്റിമേറ്റിലും ഉൾക്കൊള്ളുന്നത്. ഇവയുടെ ബില്ലുകൾക്ക് താഴെ പറയും പ്രകാരമാണ് ബിൽ രജിസ്റ്റർ നമ്പർ നല്കിയിട്ടുള്ളത്.

ട്രൈനിംഗ് സെന്റർ വയറിംഗ്.-- 253/15/16

ഹെൽത്ത് കോംപ്ലെക്സ് വയറിംഗ്--187/15-16

എന്നാൽ രണ്ടു ബില്ലുകളിലും അളവു പുസ്തക നമ്പർ 22/15-16 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ടി നമ്പരിലുള്ള അളവു പുസ്തകത്തിൽ പേജ് 1മുതൽ 25 വരെയായി ഹെൽത്ത് കോംപ്ലെക്സ് വയറിംഗിന്റെ അളവുകൾ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ട്രൈനിംഗ് സെന്റർ വയറിംഗിന്റെ അളവുകൾ രേഖപ്പെടുത്തിയ അളവു പുസ്തകം ഹാജരാക്കിയിട്ടില്ല. എന്നാൽ ചെക്ക് മെഷർ ചെയ്ത അസി. എക്സി. എഞ്ചിനിയർ രണ്ടു പ്രവൃത്തി ബില്ലുകളിലും 22/15-16 നം. അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തികൾ (പേജ് 1-25, പേജ് 1-19) 5-3-16 നം 28-3-16 നം യഥാക്രമം ചെക്ക് മെഷർ ചെയ്തതായിട്ടാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.

4) ഈ രണ്ടു പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിൽ ഒരേ കരാറുകാരനാണ് ചെയ്തിട്ടുള്ളത്. പ്രവൃത്തി ബില്ലിന്റെ വിവരം താഴെ ചേർക്കുന്നു.

| | പ്രവൃത്തി | ആകെ മൂല്യം |
|---|---|---|
| 1 | ഹെൽത്ത് കോംപ്ലെക്സ് വയറിംഗ് | 1,33,203 |
| 2 | ട്രൈനിംഗ് സെന്റർ വയറിംഗ് | 1,32, 715 |
| | | 2,65,918 |

ഈ പ്രവൃത്തികൾക്ക് നികുതികൾ കിഴിച്ച് കരാറുകാരന് നല്കേണ്ട തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ആകെ മൂല്യം | 2,65,918 | 2,50,000 ( Limited) |
| VAT @ 4% | 10,637 | 10,000 |
| IT @ 1% | 2659 | 2500 |
| KCWWF @ 1% | 2659 | 2500 |
| Total Deduction | 15,955 | 15,000 |

| | | |
|---|---|---|
| കരാറുകാരന നല്കേണ്ടത് | 2,49,963 | 2,35,000 |

എന്നാൽ കരാറുകാരന നല്കിയതായി കാണിച്ചത് (1,25,211+ 83,834) 2,09,045 രൂപയാണ്. വ്യത്യാസമുള്ള 25,955 രൂപ ( 2,35,000- 2,09,045) എന്തു ചെയ്തുവെന്ന വ്യക്തമല്ല.

ഈ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-12 സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം -ചട്ടങ്ങൾ പാലിക്കുന്നില്ല.

പഞ്ചായത്ത് താഴെ പറയുന്ന വിധം വിവിധ സാധനങ്ങളും സേവനങ്ങളും പ്രതിവർഷവും സന്ദർഭാനസരണവും സമാഹരിക്കുന്നുണ്ട്. എന്നാൽ കേരള സ്റ്റോർ പർച്ചേസ് മാനവലിലേയും, G.O.(P)259/2010/LSGD Dt. 8-11-2010 പ്രകാരമുള്ള മാർഗരേഖയിലേയും പല നിർദേശങ്ങളും പാലിക്കുന്നതിൽ വീഴ്ച വന്നതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | തുക | ചെലവു വിവരം | അപാകത |
|---|---|---|---|---|
| 1 | 21500112/ 21-5-15 മുതൽ 21500115/ 21-5-15 വരെ | 52,855 | വസ്തു നികുതി - സഞ്ചയ വിവര ശേഖരണം- ഡിമാന്റ് നോട്ടീസ് വിതരണം- സഉ.55249/ IA/ തസ്വഭവ.തി.6-2-15 പ്രകാരം. | 1.ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. |
| 2 | 21500557/ 29-9-15 | 12,000 | 2KVA വോൾട്ടേജ് സ്റ്റബിലൈസർ, ഫോട്ടോ കോപ്പിയർ സ്റ്റാന്റ് എന്നിവ വാങ്ങിയത് (പ്രൊജക്ട് നം.51/16 ) | സ്റ്റോക്കിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല സ്റ്റബിലൈസറിന്റെ ആവശ്യകത വ്യക്തമാക്കിയിട്ടില്ല (പ്രൊജക്ട് രേഖകളിൽ ഇല്ല) |
| 3 | 21500648/ 19-10-15 | 43,350 | ലേസർ പ്രിന്റർ, 3 എണ്ണം വാങ്ങിയത്. (പ്രൊജക്ട് നം.51/16 ) | 1. ആസ്തി രജിസ്റ്ററിൽ (IV ഫോറം 10) ചേർത്തിട്ടില്ല. 2.ഇൻവോയ്സ് കാൻസൽ ചെയ്യുകയോ, സ്റ്റോക്ക് എന്ട്രി, പാസ്സാക്കിയ തുക, സ്റ്റോക്കിന്റെ കൃത്യത എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം അതിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. 3.പ്രിന്ററുകൾക്ക് അക്സഷൻ നമ്പർ നല്കിയിട്ടില്ല |
| 4 | 21500961/ 31-3-16 | 1,00,000 | പഞ്ചായത്ത് ഓഫീസിന ഫർണിച്ചർ വാങ്ങിയത്. (5 അലമാരകളും 4 റാക്കുകളും ) (പ്രൊജക്ട് നം. 356/16) | 1. ഇവ ആസ്തി രജിസ്റ്ററിൽ (IV ഫോറം 10) ചേർത്തിട്ടില്ല. 2. അക്സഷൻ നമ്പർ നല്കിയിട്ടില്ല |
| 5 | 21500096/ 6-5-15 | 60,856 | ഗ്രാമ ലക്ഷ്മി മുദ്രാലയത്തിൽ നിന്നും | 1) സ്റ്റോർ പർച്ചേസ് മാനവൽ ഖണ്ഡിക 6.1,6.2 എന്നിവയിലും |

| | | | | |
|---|---|---|---|---|
| | | | ഓഫീസ് റജിസ്റ്ററുകളും ഫോറങ്ങളും വാങ്ങിയത് | പ്രൊക്യൂർമെന്റ് മാർഗരേഖയിലും നിർദേശിക്കുന്ന പ്രകാരമുള്ള ആവശ്യകത നിർണയിച്ചിട്ടില്ല.<br>2)സ്റ്റോക്കിലെടുത്തതിന്റെ വിവരം ഇൻവോയ്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഇഷ്യൂ ചെയ്തതിന്റെയും വിവരങ്ങൾ ലഭ്യമല്ല. |
| 6 | 21500816/ 15-12-15 | 30,671 | ,, | ,, |
| 7 | 21500058/ 24-4-15 | 1,800 | A4 പേപ്പർ വാങ്ങിയത് (70gsm 10 Packs) | ,,<br>3) വാർഷിക ആവശ്യകത കണക്കാക്കി ക്വട്ടേഷൻ/ ടെണ്ടർ ക്ഷണിച്ചിട്ടില്ല. |
| 8 | 21500059/ 24-4-15 | 3,500 | A4 പേപ്പർ വാങ്ങിയത് (65gsm 20 Packs) | ,, |
| 9 | 21500092/ 6-5-15 | 37,815 | A4 പേപ്പർ വാങ്ങിയത് (80gsm 230 Packs) | ,,,,(ക്രമ നം. 1 &3)<br>സ്റ്റോക്ക് രജിസ്റ്ററിൽ പേജ് 184-ൽ സ്റ്റോക്കെടുത്തിട്ടുണ്ടെങ്കിലും ഇഷ്യൂ വിവരങ്ങൾ ഇല്ല. |
| 10 | 21500040/ 22-4-15 | 4,550 | കമ്പ്യൂട്ടർ റിപ്പയർ | ,,(ക്രമ നം. 1 &3) |
| 11 | 21500041/ 22-4-15 | 2,150 | ഫോട്ടോ സ്റ്റാറ്റ് മെഷീന് വയറിംഗ് | ,, |
| 12 | 21500105/ 11-5-15 | 1,050 | ടോണർ റീഫിൽ | ,, |
| 13 | 21500134/ 28-5-15 | 2,500 | ടോണർ റീഫിൽ | ,, |
| 14 | 21500485/ 16-9-15 | 4,950 | ടോണർ റീഫിൽ | ,, |
| 15 | 21500673/ 27-10-15 | 5,750 | കമ്പ്യൂട്ടർ റിപ്പയർ | ,, |
| 16 | 21500972/ 6-2-16 | 13,300 | പ്രിന്റർ സർവീസിംഗ് | ,, |
| 17 | 21500672/ 27-10-15 | 7,200 | NREGS ഓഫീസിലേക്ക് പ്രിന്റർ വാങ്ങിയത് | 1)സ്റ്റോക്ക് & ഇഷ്യൂ വിവരങ്ങൾ ഇല്ല.<br>2) അക്സഷൻ നമ്പർ നല്കിയിട്ടില്ല<br>3) വാറ്റ് അംഗീകൃത പർച്ചേസ് ബിൽ അല്ല, നികുതി (വാറ്റ്) ഈടാക്കിയിട്ടില്ല, ബിൽ കാൻസൽ ചെയ്തിട്ടില്ല,<br>4) ഇത്തരം ആവശ്യങ്ങൾക്കായി 2 പ്രൊജക്ടുകൾ തയ്യാറാക്കിയിട്ടും |

| | | | | |
|---|---|---|---|---|
| | | | | അവയിൽ ഉൾപ്പെടുത്താതെ വാങ്ങിയത് ക്രമത്തിലല്ല. |
| 18 | 21500674/ 27-10-15 | 29,000 | പ്രൊജക്ട നം. 246/16 പഞ്ചായത്ത് ഓഫീസിലേക്കും PHC ക്കും ഇൻവെർട്ടർ | 1) ഇവ ആസ്തി രജിസ്റ്ററിൽ (IV ഫോറം 10) ചേർത്തിട്ടില്ല. 2) PHC യിൽ സ്ഥാപിച്ചതിന് MO യുടെ കൈപ്പറ്റോ സാക്ഷ്യപത്രമോ ഇല്ല. |
| 19 | 21501001/ 12-2-16 | 5,999 | വാട്ടർ പ്യൂരിഫയർ വാങ്ങിയത് | സ്റ്റോക്ക് വിവരങ്ങൾ ഇല്ല. |
| 20 | 21501019/ 12-2-16 | 1,140 | റഫറൻസ് ബുക്ക് വാങ്ങിയത് | 1)സ്റ്റോക്ക് വിവരങ്ങൾ ഇല്ല. 2) അക്സഷൻ നമ്പർ ഇല്ല. |
| 21 | 21501091/ 31-3-16 | 52,491 | പ്രൊജക്ട് നം.355/16 പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ | സ്റ്റോക്ക് വിവരങ്ങൾ ഇല്ല. |
| 22 | 21501172/ 31-316 | 52,559 | പ്രൊജക്ട് നം.51/16 പഞ്ചായത്ത് ഓഫീസിനു ഫോട്ടോസ്റ്റാറ്റ് തുടങ്ങിവ വാങ്ങിയത് | സ്റ്റോക്ക് വിവരങ്ങൾ ഇല്ല. |
| | ആകെ | 5,25,486 | | |

സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനു വാർഷിക ആവശ്യകത കണക്കാക്കുകയും, അവ സംബന്ധിച്ച രേഖകൾ കൃത്യമായി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ, ഉപയോഗ ശൂന്യമായ സാമഗ്രികൾ വാർഷികമായി ലേലം ചെയ്തു കൈയൊഴിയുകയും ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുകയും ചെയ്യേണ്ടത് , തദ്ദേശ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽക്കൂടി ഉൾപ്പെടുന്നതിനാൽ, ഇക്കാര്യത്തിലെ അലംഭാവത്തിനു വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നറിയിച്ച് നല്കിയ എൻക്വയറിക്കു മറുപടി ലഭിച്ചില്ല.)

## 3-13 പാലിയേറ്റീവ് കെയർ വാഹനം - മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനായി നിലവിലുണ്ടായിരുന്ന മാർഗ്ഗരേഖ റദ്ദാക്കിക്കൊണ്ട് 29-10-2015- ന് സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ എന്ന നമ്പരിൽ സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ വാഹന സൂക്ഷിപ്പുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ലെന്ന് കാണുകയുണ്ടായി.വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1- വാഹനം എച്ച്.എം.സിക്ക് കൈമാറിയില്ല

മേൽ ഉത്തരവ് പ്രകാരം പാലിയേറ്റീവ് കെയറിന് വേണ്ടി തദ്ദേശ സ്വയം ഭരണ സ്ഥാപനം വാങ്ങിയിട്ടുള്ള വാഹനം സംബന്ധിച്ച വിവരങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിലും ആസ്തി രജിസ്റ്ററിലും രേഖപ്പെടുത്തിയ ശേഷം പ്രസ്തുത വാഹനം പാലിയേറ്റീവ് കെയർ ആവശ്യത്തിനും , അതിന് മുടക്കം വരാത്ത രീതിയിൽ , ആവശ്യമെങ്കിൽ ആംബുലൻസ് സർവ്വീസിനും ഉപയോഗിക്കുന്നതിനായി , പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മറ്റിക്ക് രേഖാമൂലം കൈമാറേണ്ടതാണ്. തുടർന്ന് പ്രസ്തുത വാഹനത്തിന്റെ കസ്റ്റോഡിയൻ എച്ച്.എം.സിയുടെ കൺവീനറായിട്ടുള്ള മെഡിക്കൽ ഓഫീസർ ആയിരിക്കേണ്ടതാണ്. മാത്രമല്ല, തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഒരു വാഹനം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളും നിബന്ധനകളും (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 30-06-2007 -ലെ സ.ഉ.(എം.എസ്) 170/07/ത.സ്വ.ഭ.വ ഉത്തരവിൽ കാണിച്ചിരിക്കുന്നത് പ്രകാരം) ഈ വാഹനം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ടതുമാണ്.

പാലിയേറ്റീവ് കെയർ - ഗൃഹ സന്ദർശനത്തിനായി 30-06-2014 മുതൽ ഗ്രാമ പഞ്ചായത്ത് വാങ്ങിയ വാഹനമാണ് ഉപയോഗിച്ച് വരുന്നത്. എന്നാൽ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്റ്റ് നമ്പർ 31/16'പാലിയേറ്റീവ് കെയർ - പരിരക്ഷ' – യുടെ വാഹനത്തിന്റെ (KL55 P 5169) ലോഗ് ബുക്ക് പരിശോധിച്ചതിൽ 30-06-2014 മുതൽ നാളിത് വരെ വാഹനത്തിന്റെ കസ്റ്റോഡിയനായ മെഡിക്കൽ ഓഫീസർ ലോഗ് ബുക്കിൽ ഒപ്പ് വെച്ചതായി കണ്ടില്ല. വിശദീകരണം നൽകാനാവശ്യപ്പെട്ട് 28-12-16 – ന് നൽകിയ 10 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 30-06-2014 മുതൽ ഗ്രാമ പഞ്ചായത്ത് വാങ്ങിയിട്ടുള്ള വാഹനത്തിലാണ് ഗൃഹ സന്ദർശനത്തിന് പോകുന്നതെന്നും പ്രസ്തുത വാഹനം എച്ച്.എം.സി - ക്ക് നാളിത് വരെ കൈമാറാത്തതിനാലാണ് മെഡിക്കൽ ഓഫീസർ ലോഗ് ബുക്കിൽ ഒപ്പിടാത്തതെന്നുമാണ് അറിയിച്ചിട്ടുള്ളത്. വാഹനം മെഡിക്കൽ ഓഫീസർക്ക് കൈമാറിയതിന്റെ രേഖകൾ ഓഡിറ്റിനായി ഹാജരാക്കേണ്ടതും, കൈമാറിയിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതാണെന്നും, മേൽ എൻക്വയറിയിൽ സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും, സെക്രട്ടറി രേഖകൾ ഹാജരാക്കുകയോ മറുപടി നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു. വാഹനം എത്രയും വേഗം എച്ച്.എം.സിക്ക് കൈമാറി വിവരമറിയിക്കേണ്ടതാണ്.

2- ഡീസൽ ചാർജ്ജ് പണമായി നൽകുന്നു

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ ഗൃഹ സന്ദർശനത്തിനായി വാഹനം ഓടിയതിന്റെ ഇന്ധന ചെലവ് തുക ഓരോ മാസവും ആകെ ഓടിയ കിലോമീറ്റർ നോക്കി ദൂരത്തിന്റെ അനുപാതത്തിൽ, പാലിയേറ്റീവ് കെയർ പ്രോജക്റ്റിൽ നിന്നും എച്ച്.എം.സി അക്കൗണ്ടിലേക്കാണ് നൽകേണ്ടത്. മാത്രമല്ല, 30-10-15 മുതൽ പാലിയേറ്റീവ് കെയർ പ്രോജക്റ്റിന് വേണ്ടിയുള്ള എല്ലാ ചെലവുകളും (ഗൃഹ സന്ദർശനദിവസങ്ങളിൽ സന്നദ്ധ പ്രവർത്തകർക്കുള്ള ഭക്ഷണ ചെലവ് ഒഴികെ) ആർക്കാണോ തുക നൽകേണ്ടത്, ആ വ്യക്തിയുടെ / സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്യേണ്ടത്. യാതൊരു കാരണവശാലും പണമായോ ,ചെക്കായോ, ഡിമാന്റ് ഡ്രാഫ്റ്റായോ തുക ചെലവഴിക്കാൻ പാടില്ല.

പക്ഷേ, മേൽ പ്രോജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ ഡീസൽ ചാർജ്ജിനത്തിൽ നൽകേണ്ട തുക, പെട്രോൾ പമ്പുടമയുടെ അക്കൗണ്ടിലേക്ക് നൽകേണ്ടതിന് പകരം താഴെ പറയും വിധം പണമായി പിൻവലിച്ച് നൽകിയതായി കാണുന്നു.

| സ്ഥാപനത്തിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ/ തീയതി |
|---|---|---|
| M/s.കെ.പി.കെ പെട്രോളിയം, ആലത്തിയൂർ | 5,500 | 9/15-16/ 29-03-16 |
| -ടി- | 2,300 | 7/15-16 /29-03-16 |
| -ടി- | 6,000 | 2/15-16 /16-09-15 |
| -ടി- | 8,000 | 5/15-16 /29-01-16 |

ആകെ - 23800/-

മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കില്ലെന്ന് അറിയിച്ചിട്ടുണ്ട്. ആയത് തുടർന്നുള്ള ഓഡിറ്റിൽ പരിശോധിക്കുന്നതാണ്.

## 3-14 ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളിൽ പലരും ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയതായി കാണുന്നില്ല. വിശദാംശം താഴെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ആനുകൂല്യം കൈപ്പറ്റിയവർ | പണി പൂർത്തീയാക്കിയവർ | പണി പൂർത്തിയാക്കാത്തവർ |
|---|---|---|---|
| ഭവന നിർമ്മാണം(ജനറൽ) | 42 | 26 | 16 |
| ഭവന നിർമ്മാണം-സ്പിൽ ഓവർ | 42 | 33 | 9 |
| ജവഹർ ഭവന പദ്ധതി | 20 | 8 | 12 |
| ആകെ 37 | | | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ 18 പേരുടെ ഭവന നിർമ്മാണം കൂടി പൂർത്തീകരിച്ചിട്ടുണ്ടെന്നും ശേഷിക്കുന്നവരുടെ ഭവന നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നതായും പദ്ധതി സ്പിൽഓവറായി ഈ വർഷവും തുടരുന്നതായും അറിയിച്ചിട്ടുണ്ട്. ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിൽ ഉപയോഗിക്കുന്ന അക്വിറ്റൻസ് രജിസ്റ്ററുകളിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) ജീവനക്കാരുടെ അക്വിറ്റൻസ് രജിസ്റ്റർ

ജീവനക്കാരുടെ അക്വിറ്റൻസ് രജിസ്റ്റർ പരിപാലിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ കേരള ട്രഷറി കോഡിൽ വിശദീകരിച്ചിട്ടുണ്ട്.ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് രജിസ്റ്റർ കൈകാര്യം ചെയ്യുന്നത്. പ്രധാന അപാകതകൾ താഴെ ചേർക്കുന്നു.

(1) തിയ്യതി വച്ച് ഒപ്പ് വയ്ക്കുന്നില്ല.

*(ഉദാ:- Page 25,26,29,30,33,34,35,36,56,58,59,87 (Vol.01/2015 to 12/2016)*

(2) രസീതി ഉപയോഗിച്ച് പണം വിതരണം ചെയ്യുമ്പോൾ രസീതിയിൽ പേര്, തസ്തിക എന്നിവ രേഖപ്പെടുത്തുന്നില്ല. രസീതിയിൽ സെക്രട്ടറി പേ ഓർഡർ രേഖപ്പെടുത്തുന്നില്ല, രസീതി പ്രകാരമാണ് വിതരണം ചെയ്തതെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

(3) ഏതു ബിൽ പ്രകാരമുള്ള തുകയാണ് വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുന്ന ബിൽ നമ്പർ, കാഷ് ചെയ്ത തിയ്യതി, ഏതു മാസത്തെ ശമ്പളം/ബത്ത എന്നീ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

(4) ബില്ലിലെ ക്രമത്തിലാണ് രജിസ്റ്ററിൽ പേരുകൾ ചേർക്കേണ്ടതെങ്കിലും അപ്രകാരമല്ല ചെയ്യുന്നത്.

(5) ഓരോ ബില്ലിനും പ്രത്യേകം അക്വിറ്റൻസ് രേഖപ്പെടുത്തുന്നില്ല.

(6) KTC Rule 432 (d) പ്രകാരമുള്ള സാക്ഷ്യപത്രം ചേർത്തിട്ടില്ല.

(7) രജിസ്റ്ററിലെ ഓരോ പേജിലും സെക്രട്ടറി (Drawing Officer) സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(8) ഓരോ ബില്ലിലെ തുകയും വിതരണം ചെയ്തു കഴിഞ്ഞ ശേഷം സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

(9) പേജ് 88-ൽ നവമ്പർ 2016 ലെ ശമ്പളമെന്നും ഡിസമ്പർ 2016ലെ ശമ്പളമെന്നും വ്യത്യസ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഏതു മാസത്തെയെന്നു വ്യക്തമാക്കേണ്ടതാണ്. കൂടാതെ, ഈ പേജിൽ ആരും ഒപ്പു വച്ചിട്ടില്ല. ഇതിനു കാരണം രേഖപ്പെടുത്തിയിട്ടുമില്ല. ആയതിന്റെ വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

കൂടാതെ, *സ്ഥാപന* സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ശമ്പള ബില്ലുകൾ തയ്യാറാക്കുന്നതെങ്കിലും, ടി സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ അക്വിറ്റൻസ് റോൾ ഉപയോഗിക്കുന്നില്ലെന്നും കാണുന്നു.

2) ജനപ്രതിനിധികളുടെ അക്വിറ്റൻസ് രജിസ്റ്റർ

തുക പിൻവലിച്ച ചെക്ക് നമ്പരും തിയ്യതിയും, വിതരണം ചെയ്ത തിയ്യതിയും രേഖപ്പെടുത്തുന്നില്ല. കൂടാതെ പൂർണ്ണമായും വിതരണം ചെയ്തു കഴിഞ്ഞാൽ സംഗ്രഹം തയ്യാറാക്കുന്നുമില്ല.

( അപാകതകൾ തുടരാതിരിക്കാൻ ശ്രദ്ധിക്കുമെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.)

## 3-16 അസിസ്റ്റന്റ് എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിൽ 2015-16 വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിർവ്വഹണത്തിനായി 217 പ്രൊജക്ടുകൾ തയ്യാറാക്കുകയും, അതിൽ 156 പ്രവൃത്തികൾ നിർവ്വഹണം നടത്തുകയും ചെയ്തിട്ടുണ്ട്. സ്ഥിരം ജീവനക്കാരായി ഒരു അസിസ്റ്റന്റ് എഞ്ചിനീയരും ഒരു ഓവർസിയറും മാത്രമേ ഉള്ളൂ എന്ന യാഥാർഥ്യം നില നിൽക്കേതന്നെ, പദ്ധതി നിർവ്വഹണത്തിലും രേഖകളുടെ സൂക്ഷിപ്പിലും സംഭവിച്ചിട്ടുള്ള താഴെ വിവരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

1) എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ Data തയ്യാറാക്കുന്നില്ല. പകരം അന്തിമ നിരക്ക് മാത്രം കാണിച്ചിരിക്കുകയാണ്. DSR item Code പോലും പലതിലും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ, സൈറ്റ് പ്ലാൻ, മറ്റു ഡ്രോയിങ്ങുകൾ എന്നിവ എല്ലാ പ്രവൃത്തികളുടെ ഫയലിലും ഇല്ല, (ഉദാഹരണം:- പെരുന്തല്ലൂർ സബ്സെന്റർ സുസജ്ജമാക്കൽ : പ്രൊജക്ട് നം. 347/16) . സൈറ്റ് പ്ലാൻ പലതും അപൂർണമാണ്, അതായത്, പ്ലാൻ മാത്രം നോക്കി പ്രവൃത്തികളുടെ ലൊക്കേഷൻ കണ്ടെത്താൻ സാധിക്കുകയില്ല. ഇത് ക്രമവിരുദ്ധമായ നടപടിയാണ്, പ്രസ്തുത വിവരങ്ങൾ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

2) എഗ്രിമെന്റ് രജിസ്റ്ററിൽ എല്ലാ കോളങ്ങളും പൂരിപ്പിക്കുന്നില്ല. (ഉദാ:- കോളം നം. 6: PAC, Column No. 10 : Agreed Date of Completion, Column8: Penalty for breach of contract etc)

3) തൻവർഷം 3,17,49,700 രൂപ ചെലവഴിച്ച് 156 പ്രൊജക്ടുകൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുണ്ടെങ്കിലും, ഇതു വഴി ആർജ്ജിച്ചതോ മൂല്യ വർധന വരുത്തിയതോ ആയ ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇവയിൽ ചില പ്രവൃത്തികളുടെ തുടർ പ്രവൃത്തികൾ വരും വർഷങ്ങളിൽ നടത്തിയാൽ മാത്രമേ അവ ഉപകാരപ്പെടുകയുള്ളൂ. അപ്രകാരം തുടർ പ്രൊജക്ടുകൾ തയ്യാറാക്കാനും ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തൽ ആവശ്യമാണ്. നിലവിലുള്ള ആസ്തി സംബന്ധിച്ച വിവരം പ്രൊജക്ട് രൂപീകരണ ഫോറത്തിലെ ക്രമ നം. 32, 36എന്നിവയിൽ കൃത്യമായി ചേർക്കുന്നുമില്ല.

4) വാണിജ്യ നികുതി വകുപ്പിന്റെ Form No.1E-ൽ സൂചിപ്പിച്ച നിരക്കിലാണ് കരാറുകാരിൽ നിന്നും നികുതി ഈടാക്കുന്നതെങ്കിലും , ടി ഫോറത്തിലെ 4-ാം നമ്പർ നിബന്ധനയായ Form No.1EE -യിലുള്ള ബാധ്യതാ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണോ നികുതി ഈടാക്കിയതെന്നു വ്യക്തമാക്കാൻ Form No 1EE -യുടെ പകർപ്പ് ഫയലിൽ വച്ചിട്ടില്ല. (ടി സർട്ടിഫിക്കറ്റിന്റെ അഭാവത്തിൽ ഉയർന്ന നിരക്കായ 12.5% VAT ഈടാക്കേണ്ടതായിരുന്നു.)

5) ഗുണഭോക്തൃ സമിതി പ്രവൃത്തികളിൽ മസ്റ്റർ റോൾ, പർച്ചേസ് ബില്ലുകൾ, വരവു ചെലവു കണക്കുകൾ, ബാങ്ക് അക്കൌണ്ട് വിവരം, ആയതു ക്ലോസ് ചെയ്തു ബാക്കി തുക ( ഉണ്ടെങ്കിൽ) പഞ്ചായത്തിൽ ഒടുക്കിയ വിവരം തുടങ്ങിയവ ഇല്ല.

6) ചെറിയ അടങ്കലിലുള്ള ധാരാളം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ ക്ലറിക്കൽ വർക്കുകൾ അധികമായി ചെയ്യേണ്ടി വരികയും, സാങ്കേതിക മേൽ നോട്ടം വഹിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. ( ഉദാഹരണം. പഞ്ചായത്ത് ടോയ്‌ലെറ്റ് നവീകരണം (പ്രൊജക്ട് നം. 324/16) എന്ന പ്രവൃത്തി ചെയ്തിട്ടുണ്ടെങ്കിലും അപ്രകാരം നവീകരണം നടത്തിയ പല ഇനങ്ങളും കാണിച്ചു തരുവാൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കഴിഞ്ഞില്ല. വളരെ നേരത്തെ തെരച്ചിലിനു ശേഷമാണ് ഓവർസിയർക്ക് അവ കാണിച്ചു തരുവാൻ കഴിഞ്ഞത്. എന്നിട്ടും മീറ്റിംഗ് ഹാളിലെ ടോയ്‌ലെറ്റിന്റെ ഫ്ലഷും ടാപ്പുകളും വാതിൽ കൊളുത്തുകളും കേടായിത്തന്നെ നില നിൽക്കുന്നതായി കാണുന്നതിനാൽ, പ്രൊജക്ടുകൾ ഫലപ്രദമായല്ല നിർവ്വഹണം നടത്തുന്നതെന്നു വ്യക്തമാകുന്നു).

7) ചെറിയ അടങ്കലിലുള്ള ധാരാളം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാൽ അവ ടെണ്ടർ ചെയ്യുമ്പോൾ കിഴിവു ലഭിക്കുന്നില്ല. തൻവർഷം ഒരു പ്രവൃത്തി പോലും ടെണ്ടർ കിഴിവിൽ ചെയ്തിട്ടില്ലെന്നു കാണുന്നു. അതു പോലെ, ഒരേ പ്രവൃത്തികൾ വിഭജിച്ചു നടത്തിയതായും കാണുന്നു. (ഉദാ- ഹെൽത്ത് കോംപ്ലെക്സ്, ട്രൈനിംഗ് സെന്റർ പ്രവൃത്തികൾ (Pro, Nos. 66/16, 106/16, 298/16, 342/16) അങ്കണ വാടി കെട്ടിടങ്ങളുടെ പ്രവൃത്തികൾ (pro nos. 96/16, 97/16,

98/16, 100/16, 102/16, 108/16, 109/16, 110/16, 111/16, 112/16, 113/16, 114/16, 116/16, 117/16), വനിതാ റോഡ് (Pro nos. 58/16, 163/16, 340/16), പി.എച്ച്. സി.യിലെ പ്രവൃത്തികൾ (pro.nos. 72/16, 73/16, 107/16, 343/16). ഈ-ടെൻഡർ വഴി പ്രവൃത്തികൾ നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

8) പ്രവൃത്തികളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, സൈറ്റ് കൈമാറിയതിന്റെ രേഖകൾ, സെലക്ഷൻ നോട്ടീസ്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

(മേൽ അപാകതകൾ തുടരാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.)

## 3-17 ശമ്പളത്തിൽ നിന്നും അർഹമായ നിരക്കിൽ ഇൻഷ്വറൻസ് വരിസംഖ്യ ഈടാക്കിയില്ല.

1) ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ മാർച്ച് 2015ലെ ശമ്പളം വിതരണം ചെയ്തപ്പോൾ, ചില ജീവനക്കാരിൽ നിന്നും അർഹമായ നിരക്കിൽ SLI, GIS തുടങ്ങിയവയുടെ വരിസംഖ്യ ഈടാക്കിയില്ല. KSR Part I Rule 22 A &B, Note 3 Under Rule 31 എന്നിവ പ്രകാരം ജീവനക്കാരന് ആദ്യ ഇൻക്രിമെന്റ് അനുവദിക്കുന്നതിന് മുമ്പ് ടിയാൾ SLI, GIS എന്നിവയിൽ വരി ചേർന്നിരിക്കണം. കൂടാതെ, ശമ്പളത്തിൽ വർധന വരുമ്പോൾ ആനുപാതികമായ അധിക നിരക്കിൽ വരി ചേരുകയും വേണം. ഈടാക്കിയതിൽ കുറവു വന്നതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പേര് | തസ്തിക | അടി. ശമ്പളം | ശമ്പള സ്കെയിൽ | GIS | | SLI | |
|---|---|---|---|---|---|---|---|---|
| | | | | | അർഹം | കിഴിച്ചത് | അർഹം | കിഴിച്ചത് |
| 1 | ശ്രീമതി. ബീഗം സൈന | അസി. സെക്രട്ടറി | 19740 | 16180-29180 | 200 | 150 | 375 | 50 |
| 2 | ശ്രീ. കനകരാജ്. | അക്കൌണ്ടന്റ് | 15780 | 14620-25280 | 200 | 100 | 225 | 150 |
| 3 | ശ്രീ. സനൽ | സീനിയർ ക്ലാർക്ക് | 13540 | 13210-22360 | 200 | 200 | 225 | 175 |
| 4 | ശ്രീ. രാജൻ.എ. | ക്ലാർക്ക് | 13540 | 9940-16580 | 200 | 200 | 225 | 200 |
| 5 | ശ്രീമതി. ബീനാറാണി. എസ്. | ക്ലാർക്ക് | 10210 | ,, | 200 | - | 225 | - |

GO(P) 104/12/Fin. dt. 9-2-12 പ്രകാരം 1-4-12 പ്രാബല്യത്തിൽ പുതുക്കിയ SLI നിരക്കും, GO(P)381/11/Fin. dt. 6-9-11 പ്രകാരം 1-9-11 പ്രാബല്യത്തിൽ പുതുക്കിയ GIS നിരക്കുമാണ് മുകളിൽ കാണിച്ചത്. ടി നിരക്കിൽ വിഹിതം ഒടുക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) ശ്രീമതി. ബീനാറാണി. എസ്. ക്ലാർക്ക്, പ്രോവിഡന്റ് ഫണ്ടിൽ വരി ചേർന്നിട്ടില്ല. GO(P) 81/ 2014/ Fin. Dt. 24-2-2014 പ്രകാരം ദേശീയ പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട ജീവനക്കാർക്കും പി. എഫ്.ബാധകമായതിനാൽ, ടിയാളെ പി. എഫിൽ വരി ചേർക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
( ഓഡിറ്റ് എൻക്വയറിക്കു മറുപടി ലഭിച്ചിട്ടില്ല.)

## 3-18 മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം മരുന്നുകൾ ലഭ്യമാക്കുന്നതിനായി 2 ലക്ഷം രൂപയുടെ ഡി ഡി (നം 881132/23-11-15 Rs100000, 882711/21-01-16 Rs 100000 ) സഹകരണ ഹോമിയോ ഫാർമസി ആലപ്പുഴ എന്ന സ്ഥാപനത്തിന് 06/02/2016 ന് അയച്ചുകൊടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|
| S0019/16 | 1/15-16 തിയതി 23/11/15 | 100,000 |
| " | 2/15-16 തിയതി 21/01/16 | 100,000 |

തുക കൈപ്പറ്റിയതിനുള്ള രശീതി HOMCOയിൽ നിന്നും ലഭിച്ചിട്ടുണ്ട്.(നം 1149/ 08-02-16 ).എന്നാൽ നാളിതുവരെ മരുന്നുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. 16/06/16, 22/10/16, 01/12/16 തിയതികളിൽ HOMCO യ്ക്ക് റിമൈന്റർ അയച്ചതായും കാണുന്നു. പദ്ധതി തുക വിനിയോഗിച്ച് വാങ്ങുന്ന മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്ന കാര്യത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിന്റെ B-18 ഷെഡ്യൂളിൽ KSEB-യിലേക്ക് 3546 രൂപ ഡെപ്പോസിറ്റ് ചെയ്തതായി കാണിച്ചിട്ടുണ്ടെങ്കിലും അത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

### 4-5 സ്ഥിരനിക്ഷേപങ്ങൾ

വിവരം ലഭ്യമല്ല (ഖണ്ഡിക 2-2 കൂടി കാണുക)

### 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകൾ

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 3.1 | 2006-07 | -- | തയ്യൽ മെഷീൻ കുറഞ്ഞ നിരക്ക് സ്വീകരിച്ചില്ല | നടപടി തുടരുന്നു |

### 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 51780680/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 63963473/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 5599 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,78,612 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19,45,155 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 3662 | - | ശ്രീ.രവീന്ദ്രൻ, സെക്രട്ടറി |
| 2-1 | 1737 | | ശ്രീ.ആനന്ദൻ, സെക്രട്ടറി |
| 2-1 | 200 | - | ശ്രീ.ജയശങ്കർ, സെക്രട്ടറി |
| 3-1 | - | 96,002 | ശ്രീ.ഹമീദ്, ഹെഡ്മാസ്റ്റർ |
| 3-2 | - | 69,750 | ഡോ.മൻസൂർ അലി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-3 | - | 11,200 | ശ്രീ.ആനന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | - | 960 | ശ്രീ.ജയശങ്കർ, സെക്രട്ടറി |
| 3-4 | - | 700 | ശ്രീ.ബിജു, കൃഷി ഓഫീസർ |

ആകെ - 5599 1,78,612

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 37,075 | ശ്രീ.ആനന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 1,34,990 | ശ്രീ.ജയശങ്കർ, സെക്രട്ടറി |
| 3-6 | 2,24,000 | ശ്രീ.ഹമീദ്, ഹെഡ്മാസ്റ്റർ |
| 3-7 | 14,05,899 | ശ്രീ.ആനന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 1,43,191 | ഡോ.മൻസൂർ അലി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |

ആകെ - 19,45,155

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം: ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ: 2-2

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
| ശ്രീ.രവീന്ദ്രൻ, സെക്രട്ടറി | വിരമിച്ചു | കണ്ണേംകുളത്ത്(വീട്), ചമ്രവട്ടം(പി.ഒ), മലപ്പുറം(ജില്ല) 676102 |
| ശ്രീ.ജയശങ്കർ, സെക്രട്ടറി | സെക്രട്ടറി, തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്ത് | ശരത്ത്, തെക്കൻ കുറ്റൂർ(പി.ഒ), മലപ്പുറം (ജില്ല) |
| ശ്രീ.ഹമീദ്, ഹെഡ്മാസ്റ്റർ | ഹെഡ്മാസ്റ്റർ, ജി.യു.പി.സ്കൂൾ, ചമ്രവട്ടം | ഉക്കിനി വീട്ടിൽ, വി.പി.പുറം, മലപ്പുറം(ജില്ല) |
| ശ്രീ.ആനന്ദൻ, അസിസ്റ്റന്റ് സെക്രട്ടറി | ജൂനിയർ സൂപ്രണ്ട്, കൊന്നത്തടി ഗ്രാമ പഞ്ചായത്ത്, ഇടുക്കി | നികർത്തിൽ(വീട്), വൈക്കം(പി.ഒ), കോട്ടയം(ജില്ല) |
| ഡോ.മൻസൂർ അലി, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | താലൂക്ക് ആശുപത്രി, പൊന്നാനി | തച്ചറമ്പൻ(വീട്), മമ്പുറം(പി.ഒ), മലപ്പുറം |
| ശ്രീ.ബിജു, കൃഷി ഓഫീസർ | മൊബൈൽ സോയിൽ ടെസ്റ്റിംഗ് ലാബ്, മലപ്പുറം | ജോയ്(വീട്), സൗത്ത് കൊല്ലങ്കോട്, പുഴിയൂർ(പോസ്റ്റ്), തിരുവനന്തപുരം 695513 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1980-81 | എൽ.എഫ്.എം.7/326 തീയതി: 05.01.91 | 1 | |
| 1985-86 | എൽ.എഫ്.എം.7/1204/90 തീയതി: 03.04.91 | 3 | |
| 1986-87, 1987-88 | എൽ.എഫ്.എം.7/341/92 തീയതി: 30.07.92 | 2 | |

| | | | |
|---|---|---|---|
| 1997-98 | എൽ.എഫ്.എം.7/246/06 തീയതി: 03.11.2010 | 4 | |
| 1998-99 | എൽ.എഫ്.എം.7/1836/06 തീയതി: 03.11.2010 | 22 | |
| 1999-2000 | എൽ.എഫ്.എം.14/577/08 തീയതി: 05.10.10 | 3 | |
| 2000-2001 | എൽ.എഫ്.എം.14/578/08 തീയതി: 5.10.10 | 11 | |
| 2001-02 | എൽ.എഫ്.എം.14/579/08 തീയതി: 5.10.10 | 8 | |
| 2002-03 | എൽ.എഫ്.എം.14/580/08 തീയതി: 5.10.10 | 2 | |
| 2003-04 | എൽ.എഫ്.എം.14/581/08 തീയതി: 5.10.10 | 11 | |
| 2004-05 | എൽ.എഫ്.എം.14/591/09 തീയതി: 5.10.10 | 22 | |
| 2005-06 | എൽ.എഫ്.എം.11/881/10 തീയതി: 22.05.12 | 16 | |
| 2006-07 | എൽ.എഫ്.എം.11/882/10 തീയതി: 22.05.12 | 10 | |
| 2007-08 | എൽ.എഫ്.എം.17/507/11 തീയതി: 20.5.11 | 13 | |
| 2008-09 | എൽ.എഫ്.എം.17/508/11 തീയതി: 25.5.11 | 14 | |
| 2009-10, 2010-11 | എൽ.എഫ്.എം.17/1212/13 തീയതി: 17.7.13 | 12 | |
| 2011-12, 2012-13 | കെ.എസ്.എ.എം.പി.എം.17/72/2016 തീയതി: 24.11.2016 | 13 | |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം.17/2040/16 തീയതി: 04-08-16 | 17 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

# 5

## അനുബന്ധം

ഓഡിററ് സർട്ടിഫിക്കററ്

കെ.എസ്.എ.എം.പി.എം.17/21/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയതി17/02/2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൃപ്രങ്ങോട് ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

AUDIT CERTIFICATE

KSAMPM/17/21/2017

Kerala State Audit Department
District Audit Office, Malappuram
PIN- 676 505 Phone: 0483 2734951
Email- dompm.ksad@kerala.gov.in
Dated 17/02/2017

Certified that I have audited the Annual Financial Statement of THRIPRANGODE GRAMA PANCHAYAT in Malappuram District for the year 2015-16 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Thriprangode Grama Panchayat for the year 2015-16 except the observations in my audit report properly present the picture of income and expenditure

DEPUTY DIRECTOR
DISTRICT AUDIT OFFICE, MALAPPURAM.